വത്തിക്കാൻ

# തരംഗം



**മാരകരോഗമുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കാം**

മാരകമായ അസുഖമുള്ളവർക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ ശാരീരികവും ആത്മീയവുമായ പരിചരണവും അകമ്പടിയും ലഭിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഫെബ്രുവരി 2024**

**കെസിബിസി മീഡിയ**

Vol No.34 No.02 February 2024

Rs.5.00



# "LOVE is Repaid By Love Alone"

## മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസ് (M S S T)



കർമ്മല സഭയുടെ
അലങ്കാരമായ കർമ്മലനാഥ
ഞങ്ങളുടെ പ്രത്യേക മധ്യസ്ഥ

## മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസ് (M S S T)



ബിഷപ്പ്
ജെറോം. എം ഫെർണാണ്ടസ്
(സഭാ സ്ഥാപകൻ)

പിയ കുഞ്ഞനുജത്തിമാരേ,

യേശു സ്നേഹം വിളിയായി സ്വീകരിച്ച് സമർപ്പിത ജീവിതത്തിന്റെ കാന്തി നുകർന്ന് ദൈവരാജ്യത്തിന്റെ സദ്വാർത്തവാഹകരായി സേവനനിരതരാകാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർക്കും യുവതികൾക്കും, സ്നേഹത്തിന്റെ കുറുക്കുവഴിയിലൂടെ വിശുദ്ധി നുകർന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമധേയത്തിലുള്ള മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസ് (MSST ) സന്ന്യാസ സമൂഹത്തിലേക്ക് സ്വാഗതം.

എസ്.എസ്.എൽ.സി., പ്ലസ്ടു, ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവരും പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവരുമായ യുവതികൾ ബന്ധപ്പെടുക.

**Vocation Promoter**
**MISSIONARY SISTERS OF ST. THERESE OF INFANT JESUS**
Cherupushpa Nivas Convent, Industrial Estate Road. P.O
Umayanalloor, Kollam- 691 589
Ph : 0474 - 2530015,
Sr. Steniya 7795149954 , Sr.Anitha 9496165173

# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

February- 2024
RN. 55 178/94
പുസ്തകം- 34

Monthly
ലക്കം-02


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 4
- ബലഹീനതയ്ക്ക് ... 05
- യേശുവിന്റെ വെളിച്ചം ... 10
- സേവനം നാട്യമാകരുത് ... 14
- വൈദികർ സഹകാരികൾ ... 17
- കുറ്റം വിധിക്കാതെ ... 22
- യുദ്ധ മുഖങ്ങളിൽ ... 25
- ദൈവത്തെ സ്വന്തമാക്കി ... 29
- ഐക്യത്തിന്റെ പ്രവാചകൻ ... 31
- മീഡിയ ഫോട്ടോ ആൽബം ... 33
- വാർത്തയും ചിന്തയും ... 34



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ




# ഭൂമിയെന്ന പൊതുഭവനത്തിനുള്ളിലെ അശാന്തിയുടെ നീറിപ്പിടയലുകൾ...

ചൈനയുമായി അതിർത്തി പങ്കിടുന്ന മംഗോളിയ നേരിടുന്ന അതിശൈത്യത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പ ഉത്ക്കണ്ഠ പ്രകടിപ്പിച്ചത് ലോകം ഏറെ ആശങ്കയോടെയാണ് ശ്രവിച്ചത്. കേരളത്തിലെ ശരാശരി 9 ജില്ലകളെങ്കിലും കനത്ത ചൂടിൽ ഇപ്പോൾ വിയർത്തൊലിക്കുകയാണ്. മലയാളികളുടെ സാന്നിധ്യം ഇപ്പോൾ എല്ലാ രാജ്യങ്ങളിലുമുള്ളതുകൊണ്ട് ലോകരാജ്യങ്ങളിലെ കാലാവസ്ഥാവ്യതിയാനം നമ്മുടെ കൊച്ചുകേരളത്തിലെ കുടുംബങ്ങളുടെയും ഉള്ളുലയ്ക്കുന്നു.

ഇന്ത്യയേക്കാൾ ഭൂവിസ്തൃതിയിൽ മുമ്പിലാണ് കാനഡ. ഇപ്പോൾ അവിടെ മഞ്ഞുകാലം കഴിഞ്ഞ് വസന്തകാലം കടന്നുവരേണ്ടതാണ്. എന്നാൽ കനത്ത മഴയും, പ്രളയവും, ഹിമക്കാറ്റും ഇടയ്ക്കിടെ കാനഡയെ ഭീതിയിലാഴ്ത്തുന്നു. ആസ്ത്രേലിയയിലും കനത്ത മഴയും വെള്ളപ്പൊക്കവും പതിവാണിപ്പോൾ. യു.എസി.ലെ ടെക്സസിൽ ഉണ്ടായ കാട്ടുതീ ആ നാടിന്റെ നീറ്റലായി. ചുഴലിക്കൊടുങ്കാറ്റുകൾ യു.എസി.നെ പലപ്പോഴും വിറപ്പിക്കുന്നു. ചിലിയിൽ ഉണ്ടായ കാട്ടുതീയും ആഗോള കാലാവസ്ഥയിൽ ഏൽപ്പിച്ച ആഘാതം ചെറുതല്ല. മീഡിൽ ഈസ്റ്റ് രാജ്യങ്ങളിലും മിന്നൽ പ്രളയവും വെള്ളപ്പൊക്കവും പതിവാണിപ്പോൾ ആർട്ടിക് ധ്രുവത്തിലെ ഭീമൻ മഞ്ഞുപാളികൾ ചൂട് മൂലം ഉരുകിയതിനെപ്പറ്റിയും ശാസ്ത്രലോകം ഭീതി പങ്കുവയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഭൂമിയെന്ന പൊതുഭവനത്തിന് ഏൽപ്പിച്ച മാരകമായ മുറിവുകളുണയ്ക്കാൻ ആഗോള ഉടമ്പടികൾ ഒപ്പുവയ്ക്കപ്പെടുന്നുണ്ട്. പക്ഷെ അവയൊന്നും പ്രായോഗികമായി ലോകരാജ്യങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതേയില്ലെന്നതാണ് ദൗർഭാഗ്യകരമായ അവസ്ഥ. ❍



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ



# ബലഹീനതയ്ക്കും പ്രഭപകരുന്നു ദൈവശക്തി: ഫ്രാൻസിസ് മാർപാപ്പ

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** മനുഷ്യ ബലഹീനതയുടെ താഴ്മയിലും തെളിഞ്ഞു പ്രകാശിക്കുന്നുണ്ട് ദൈവത്തിന്റെ അപരിമേയ ശക്തിയെന്ന് ഫ്രാൻസിസ് മാർപാപ്പ. അത്ഭുത ഫലങ്ങളിലേക്ക നയിക്കപ്പെടാൻ ബലഹീനത ഉൾക്കൊള്ളുന്നതിനൊപ്പം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കുകയുമാണ് വേണ്ടതെന്ന് തന്റെ പ്രതിവാര പൊതു സദസ്സിനിടെ, സദ്ഗുണങ്ങളെയും തിന്മകളെയും കുറിച്ചുള്ള മതബോധന പരമ്പരയിലെ സന്ദേശത്തിൽ മാർപാപ്പ ഉദ്ബോധിപ്പിച്ചു. അസൂയയുടെയും അഹങ്കാരത്തിന്റെയും പാപങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതായിരുന്നു സന്ദേശം. ഈ പാപങ്ങൾക്കു പ്രതിവിധി ഉണ്ടെന്ന് ഫ്രാൻസിസ് പാപ്പ പറഞ്ഞു.'അപകടകരമായ ദുശ്ശീലങ്ങളാണ് അസൂയയും അഹങ്കാരവും; എന്നാൽ ഓരോന്നിനെയും ചെറുക്കുക സാധ്യമാണ്.' മാർപാപ്പയുടെ സമീപകാല ഇൻഫ്ളുവൻസ ലക്ഷണങ്ങൾ കണക്കിലെടുത്ത്, വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥനായ ഫിലിപ്പോ സിയാമ്പനെല്ലിയാണ് മാർപാപ്പയുടെ സാന്നിധ്യത്തിൽ സന്ദേശം വായിച്ചത്.



കായേന്റെയും ആബേലിന്റെയും കഥയിലൂടെ, അസൂയ ആദ്യം വന്ന വഴി ഏതായിരുന്നെന്ന് മാർപ്പാപ്പ ചൂണ്ടിക്കാട്ടി.'മറ്റുള്ളവരോടുള്ള നീരസത്താൽ ഉത്തേജിപ്പിക്കപ്പെടുന്ന വിനാശകരമായ ശക്തിയാണെന്ന് തെളിയിക്കപ്പെട്ട പാപമാണത്.അത് പലപ്പോഴും മാരകമായ വിദ്വേഷത്തിലേക്ക് വളരുന്നു. ' എല്ലാ സംസ്കാരത്തിലെയും തത്ത്വചിന്തകരുടെയും ജ്ഞാനികളുടെയും ശ്രദ്ധ ആകർഷിച്ച തിന്മയാണ് അസൂയയെന്നും പാപ്പാ പറഞ്ഞു.

**ദൈവ 'ഗണിതം' വേറെ**

വിദ്വേഷത്തിന്റെയും സ്നേഹത്തിന്റെയും പരസപര വിരുദ്ധ ബന്ധമാണ് അസൂയയെ വലം വയക്കുന്നത്. 'അസൂയ ഗ്രസിച്ചയാൾ മറ്റേയാൾക്ക് തിന്മ ആഗ്രഹിക്കുന്നു. പക്ഷേ അപരനു കൈവന്ന നന്മ സ്വന്തമാക്കാനും രഹസ്യമായി ആഗ്രഹിക്കുന്നു.അപരന്റെ ഭാഗ്യം തന്റെ കണ്ണിലൂടെ അനീതിയായി കാണുന്നു. അവന്റെ വിജയങ്ങൾ അല്ലെങ്കിൽ ഭാഗ്യം താനാണ് കൂടുതൽ അർഹിക്കുന്നതെന്നു വിശ്വസിക്കുന്നു.' ദൈവത്തെക്കുറിച്ചുള്ള തെറ്റായ ആശയമാണ് ഈ ദുഷ്പ്രവണതയുടെ അടിസ്ഥാനമെന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്. ദൈവത്തിന് നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ സ്വന്തം 'ഗണിതം' ഉണ്ടെന്ന് അംഗീകരിക്കാത്തതാണു പ്രശ്നം – പാപ്പാ പറഞ്ഞു.അസൂയയ്ക്കുള്ള പ്രതിവിധി വിശുദ്ധ പൗലോസിന്റെ ഉദ്ബോധനത്തിലുണ്ട്: 'സഹോദര വാത്സല്യത്തോടെ പരസ്പരം സ്നേഹിക്കുക, പരസ്പരം ബഹുമാനിക്കുന്നതിൽ മത്സരിക്കുക.'



സ്വന്തം നേട്ടങ്ങളിലെ അമിതമായ അല്ലെങ്കിൽ ആഡംബരപൂർണ്ണമായ അഹങ്കാരത്തെ പാപ്പാ വിമർശിച്ചു.' ഊതിപ്പെരുപ്പിച്ച ആത്മാഭിമാനവും നിരന്തരമായ പ്രശംസയ്ക്കുള്ള ആസക്തിയും മറ്റുള്ളവരെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള പ്രവണതയും' ദൈവികമല്ലെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.ഈ പാപം അസൂയയുടെ 'പിശാചുമായി' കൈകോർക്കുന്നു. രണ്ട് ദുർഗ്ഗുണങ്ങളും 'ലോകത്തിന്റെ കേന്ദ്രമാകാൻ ആഗ്രഹിക്കുന്ന' ഒരു വ്യക്തിയുടെ സ്വഭാവമാണെന്ന് പാപ്പാ പറഞ്ഞു.

പൂർണ്ണമായും സ്വയം ആഗിരണം ചെയ്യപ്പെട്ടവനാണ് അഹങ്കാരിയായ വ്യക്തി. അഹങ്കാര ദുഃപ്രവണതയെ ചെറുക്കുന്നതിന്, നേട്ടങ്ങളേക്കാൾ തന്റെ ബലഹീനതയിൽ 'വീമ്പിളക്കുന്ന' വിശുദ്ധ പൗലോസിന്റെ ഫലപ്രദമായ  മാതൃക പിന്തുടരാൻ മാർപ്പാപ്പ നിർദ്ദേശിച്ചു.തനിക്കു ദൈവകൃപ മാത്രം മതിയെന്നു തിരിച്ചറിഞ്ഞു വിശുദ്ധ പൗലോസ്. ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി പൂർണമാകുന്നത്. നമ്മുടെ ബലഹീനതകളെ നാം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ, മറ്റുള്ളവരോട് കൂടുതൽ ഉദാരമായ സ്നേഹത്തിനായി ക്രിസ്തുവിന്റെ ശക്തി നമ്മെ സ്വതന്ത്രരാക്കും.

**സമാധാനം കൈവരട്ടെ**

ബുർക്കിനോ ഫാസോയിലെ കത്തോലിക്കാ പള്ളിയിലും, മുസ്‌ളീം പള്ളിയിലും നടന്ന ഭീകരാക്രമണത്തിൽ തന്റെ ദുഃഖവും, സാമീപ്യവും അറിയിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ, വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിന്റെ കൈയൊപ്പോടുകൂടി ടെലിഗ്രാം സന്ദേശമയച്ചു. വിശുദ്ധ കുർബാന മധ്യേ എസ്സാകാനെ ഗ്രാമത്തിലെ കത്തോലിക്കാ സമൂഹത്തിന് നേരെയുണ്ടായ ആക്രമണത്തിൽ പതിനഞ്ചുപേർ കൊല്ലപ്പെടുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു.

അതോടൊപ്പം കിഴക്കൻ ബുർക്കിനോ ഫാസോയിലെ നാറ്റിയാബോനിയിലെ ഒരു മുസ്‌ളീം പള്ളിയിലും ഭീകരാക്രമണം നടന്നു. പ്രധാനപ്പെട്ട മതനേതാവുൾപ്പെടെ നിരവധിപേർ കൊല്ലപ്പെട്ടു. ധാരാളം പേർക്ക് സാരമായ പരിക്കേറ്റു.ഫ്രാൻസിസ് പാപ്പായുടെ ടെലിഗ്രാം സന്ദേശത്തിൽ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുകയും, ഇരകളായവരുടെ കുടുംബാംഗങ്ങളുടെ വേദനകളിൽ താനും പങ്കുചേരുന്നുവെന്ന് അറിയിക്കുകയും ചെയ്തു.മരിച്ചവരെ ദൈവത്തിന്റെ കരുണയ്ക്കായി ഭരമേല്പിക്കുന്നു. പരിക്കേറ്റവരുടെ രോഗശാന്തിക്കായി പ്രാർത്ഥിക്കുന്നു.

വൈരുധ്യങ്ങൾക്ക് വെറുപ്പിലൂടെയല്ല പരിഹാരം കാണേണ്ടതെന്നും, പരിശുദ്ധമായ സ്ഥലങ്ങൾ ബഹുമാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണമെന്നും പാപ്പാ എടുത്തു പറഞ്ഞു.അതോടൊപ്പം സമാധാനത്തിന്റെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം.

ഫെബ്രുവരി ഇരുപത്തിയെട്ടിലെ പൊതുകൂടിക്കാഴ്ചാവേളയിൽ  ഫ്രാൻസിസ് പാപ്പാ വിവിധ രാജ്യങ്ങളിൽ നടമാടുന്ന യുദ്ധത്തിന്റെ ഭീകരതയിലുള്ള വ്യഥ പ്രകടമാക്കുകയും സമാധാനത്തിനായി യത്നിക്കണമെന്നും, പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുകയും ചെയ്തു. വളരെ പ്രത്യേകമായി മാർച്ച് ഒന്നാം തീയതി ഇരുപത്തിയഞ്ചാം വർഷത്തിലേ

ക്ക് കടക്കുന്ന വ്യക്തിവിരുദ്ധ കുഴിബോംബുകളുടെ ഉൽപാദനവും ഉപയോഗവും ഇല്ലാതാക്കാൻ ലക്ഷ്യമിട്ട ബഹുമുഖ അന്താരാഷ്ട്ര ഉടമ്പടിയെപ്പറ്റി ഓർമ്മിപ്പിക്കുകയും ചെയ്തു. 1999 മാർച്ച് ഒന്നിനാണ് ഈ കരാർ നിലവിൽ വന്നത്. ഇന്നുവരെ ഈ കരാറിൽ 133 രാജ്യങ്ങളും, 164 സംസ്ഥാനകക്ഷികളും ഒപ്പുവച്ചിട്ടുണ്ട്.

എന്നാൽ ഈ നിരോധനം നിലവലിരിക്കേ സാധാരണക്കാരെയും, നിരപരാധികളെയും പ്രത്യേകമായി കുട്ടികളെയും ബാധിക്കുന്ന യുദ്ധങ്ങളുടെ ക്രൂരതകൾ അപലപനീയമാണെന്ന് പാപ്പാ പറഞ്ഞു. സാധാരണ ജനതയെ കൊന്നൊടുക്കുവാൻ ഇന്നും കുഴിബോംബുകൾ ധാരാളമായി നിർമ്മിക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്നത് ദൗർഭാഗ്യകരമാണ്. യുദ്ധത്തിൽ ഇരകളാകുന്നവർക്കുവേണ്ടി മാനുഷികമായും, സാമ്പത്തികമായും സഹായം നൽകുന്ന എല്ലാവരോടും തനിക്കുള്ള നന്ദിയും പാപ്പാ പ്രത്യേകം അറിയിച്ചു. സമാധാനത്തിന്റെ വക്താക്കളാകുവാനുള്ള എല്ലാവരുടെയും കടമ ഓർമ്മിപ്പിച്ചു.ലോകത്തിലെ വിവിധ ഇടങ്ങളിൽ രൂക്ഷമാകുന്ന യുദ്ധങ്ങളുടെ ഭീകരതയെപ്പറ്റി എടുത്തു പറഞ്ഞ ശേഷം സമാധാനത്തിനായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

**പ്രേഷിത തീക്ഷ്ണത**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനായി ജീവൻ പോലും ത്യാഗം ചെയ്യുന്നവരുടെ ധൈര്യവും, പ്രേഷിത തീക്ഷ്ണതയും സഭയ്ക്ക് എന്നും പ്രചോദനമാകുമെന്ന് ഫ്രാൻസിസ് പാപ്പാ അഭിപ്രായപ്പെട്ടു. ജീവനെ തൃണവൽക്കരിച്ചും പ്രേഷിത സരണിയിൽ മുന്നേറുന്നവർക്കായുള്ള മാർച്ച മാസത്തിലെ പാപ്പായുടെ പ്രാർത്ഥനാനിയോഗം വിശദീകരിക്കുന്ന വീഡിയോ സന്ദേശത്തിലാണ് ഇക്കാര്യമുള്ളത്.

ഗ്രീക്ക് ദ്വീപായ ലെസ്ബോയിൽ അഭയാർത്ഥികേന്ദ്രങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ തനിക്കുണ്ടായ ഒരു അനുഭവം അയവിറക്കിയാണ് പാപ്പാ തന്റെ സന്ദേശം ആരംഭിക്കുന്നത്. ഈ അനുഭവം ഇന്നത്തെ സഭയുടെ യാഥാർഥ്യം വെളിപ്പെടുത്തുന്നുവെന്നും, അറിയപ്പെടാതെ പോകുന്ന വിശ്വാസത്തിന്റെ സാക്ഷ്യമാണിതെന്നും പാപ്പാ ആമുഖമായി പറഞ്ഞു.

അഭയാർത്ഥിയായി എത്തിയ ഇസ്ലാം മതവിശ്വാസിയായ ഒരു വ്യക്തി, ക്രൈസ്തവ മതത്തിൽ അംഗമായ തന്റെ ഭാര്യയെ പറ്റി പരാമർശിച്ച വിശ്വാസത്തിന്റെ സാക്ഷ്യമാണ് പാപ്പാ ചൂണ്ടിക്കാട്ടിയത്. അന്യമതസ്ഥരെ ഉന്മൂലനം ചെയ്യുവാൻ വേണ്ടി തീവ്രവാദികൾ തങ്ങളുടെ ദേശത്ത് എത്തിയപ്പോൾ, തന്റെ ഭാര്യയുടെ കഴുത്തിൽ കിടന്നിരുന്ന ക്രൂശിതരൂപം, നിലത്തെറിയുവാൻ ആവശ്യപ്പെട്ടുവെങ്കിലും അവൾ അത് ചെയ്തില്ല. ഇതിൽ കലിപൂണ്ട തീവ്രവാദികൾ തന്റെ ഭാര്യയെ തന്റെ കണ്മുൻപിൽ വച്ചുതന്നെ കഴുത്തു മുറിച്ചു കൊലപ്പെടുത്തി.

തുടർന്ന് പാപ്പാ അടിവരയിട്ടു: 'എനിക്കറിയാം, അദ്ദേഹത്തിന് അവരോടു യാതൊരു പകയും തോന്നിയിരിക്കില്ല. കാരണം തന്റെ ഭാര്യയുടെ സ്നേഹത്തിന്റെ മാതൃക അതിനോടകം അദ്ദേഹത്തെ കീഴടക്കിയിരുന്നു. മരണം വരെ ക്രിസ്തുവിനോട് വിശ്വസ്തയായി ജീവിച്ചുകൊണ്ട്, അദ്ദേഹത്തെ സ്നേഹിച്ച ജീവിത സാക്ഷ്യം.നാം ശരിയായ പാതയിലാണ് സഞ്ചരിക്കുന്നതെന്നതിന്റെ തെളിവാണ്, ഇന്നും നമുക്കിടയിൽ രക്തസാക്ഷിത്വം വരിക്കുന്നവരുടെ ജീവിതസാക്ഷ്യങ്ങൾ. ക്രൈസ്തവികതയുടെ തുടക്കത്തിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ രക്തസാക്ഷികൾ ഇന്ന് ഉണ്ട്.' രക്തസാക്ഷികളുടെ ധൈര്യവും, രക്തസാക്ഷികളുടെ സാക്ഷ്യവും എല്ലാവർക്കും അനുഗ്രഹമാണ്. ❍

# ഈശോ

# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# യേശുവിന്റെ വെളിച്ചത്തിൽ നിന്നും കണ്ണ് എടുക്കരുതേ

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

SPECIAL REPORT



'യേശുവിന്റെ വെളിച്ചത്തിൽ നിന്ന് ഒരിക്കലും കണ്ണെടുക്കരുത്': ഫെബ്രുവരി 25 ഞായറാഴ്ചത്തെ ത്രികാലജപ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തു.'സ്നേഹവും അനന്തജീവനുമായ ഈശോയുടെ വെളിച്ചത്തിലേക്ക് നാം നമ്മെത്തന്നെ തുറന്നിടണം. കണ്ടുമുട്ടുന്ന എല്ലാ സഹോദരീ സഹോദരന്മാരിലും പ്രതിഫലിക്കുന്ന യേശുവിന്റെ വെളിച്ചത്തിന്റെ ഓരോ ചെറിയ കിരണവും നാം തിരയണം.'

മദ്ധ്യാഹ്ന പ്രാർത്ഥന നയിക്കുന്നതിനു മുമ്പ് പാപ്പാ നടത്തിയ വിചിന്തനത്തിന് ആധാരം, ലത്തീൻ റീത്തിലെ ആരാധനാക്രമമനുസരിച്ച് അന്ന് ദിവ്യബലി മദ്ധ്യേ വായിക്കപ്പെട്ട ദൈവവചന ഭാഗമായ മർക്കോസിന്റെ സുവിശേഷം ഒമ്പതാം അദ്ധ്യായം 2-10 വരെയുള്ള വാക്യങ്ങൾ ആയിരുന്നു. യേശു മലമുകളിൽ വച്ച് രൂപാന്തരപ്പെടുന്ന സംഭവം വിവരിക്കവേ ഇറ്റാലിയൻ ഭാഷയിൽ പാപ്പാ നടത്തിയ പ്രഭാഷണത്തിന്റെ പരിഭാഷ:

നോമ്പു കാലത്തിലെ രണ്ടാമത്തെ ഞായറാഴ്ചത്തെ സുവിശേഷം നമുക്കായി അവതരിപ്പിക്കുന്നത് യേശുവിന്റെ രൂപാന്തരീകരണ സംഭവമാണ് തന്റെ പീഡാസഹനത്തെക്കുറിച്ച് ശിഷ്യന്മാരെ അറിയിച്ച ശേഷം, യേശു പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി ഒരു ഉയർന്ന മലയിലേക്കു കയറുകയും അവിടെ സകല പ്രഭയോടുംകൂടി ശാരീരികമായിത്തന്നെ സ്വയം ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. അങ്ങനെ ആ നിമിഷം വരെ അവർ ഒരുമിച്ച് അനുഭവിച്ചതിന്റെ പൊരുൾ അവൻ അവർക്ക് വെളിപ്പെടുത്തുന്നു. ദൈവരാജ്യപ്രഘോഷണവും പാപമോചനവും രോഗശാന്തിയും പ്രവർത്തിച്ച അടയാളങ്ങളും യഥാർത്ഥത്തിൽ ഒരു വലിയ പ്രകാശത്തിന്റെ സ്ഫുലിംഗമായിരുന്നു: യേശുവി

ന്റെ വെളിച്ചം, യേശുവാകുന്ന വെളിച്ചം. ശിഷ്യന്മാർ ആ വെളിച്ചത്തിൽ നിന്ന് ഒരിക്കലും കണ്ണെടുക്കരുത്, പ്രത്യേകിച്ച്, ആസന്നമായിരിക്കുന്ന പീഡാസഹനത്തിന്റേതു പോലുള്ള പരീക്ഷണ വേളകളിൽ എന്ന സന്ദേശവുമുണ്ടായിരുന്നു രൂപാന്തരീകരണ സംഭവത്തിൽ.

ഇതാണ് പ്രധാന സന്ദേശം: യേശുവിന്റെ വെളിച്ചത്തിൽ നിന്ന് ഒരിക്കലും കണ്ണെടുക്കരുത്. പണ്ടൊക്കെ വയൽ ഉഴുതുമറിക്കുമ്പോൾ, കർഷകർ അവരുടെ മുന്നിലുള്ള ഒരു ബിന്ദുവിൽ നോട്ടം കേന്ദ്രീകരിച്ച് നീങ്ങുകയും അങ്ങനെ, ലക്ഷ്യത്തിൽ കണ്ണുനട്ട് നീങ്ങുക വഴി അവർ ചാലുകൾ നേരെ കീറുകയും ചെയ്തിരുന്നതുപോലെ. ജീവിതയാത്രയിൽ ക്രിസ്ത്യാനികളായ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് ഇതിനാണ്: യേശുവിന്റെ പ്രശോഭിത വദനം എപ്പോഴും നമ്മുടെ കൺമുമ്പിൽ സൂക്ഷിക്കുന്നതിന്, നമ്മുടെ കണ്ണുകൾ യേശുവിൽ നിന്ന് നാം ഒരിക്കലും മാറ്റരുത്.

നമുക്ക് ഈശോയുടെ വെളിച്ചത്തിലേക്ക് നമ്മെത്തന്നെ തുറന്നിടാം! അവിടന്ന് സ്നേഹമാണ്, അനന്ത ജീവനാണ്. അസ്തിത്വത്തിന്റെ പാതകളിൽ, ചിലപ്പോൾ അവ ദുർഘടങ്ങളാണെങ്കിലും, കരുണയും വിശ്വസ്തതയും പ്രത്യാശയും നിറഞ്ഞ അവിടത്തെ മുഖം നമുക്കു തേടാം. പ്രാർത്ഥനയും വചനശ്രവണവും കൂദാശകളും ഇത് ചെയ്യാൻ നമ്മെ സഹായിക്കുന്നു.പ്രാർത്ഥന, വചനം കേൾക്കൽ, കൂദാശകൾ എന്നിവ നമ്മുടെ കണ്ണുകൾ യേശുവിൽ ഉറപ്പിച്ചു നിർത്താൻ സഹായിക്കുന്നു. നോമ്പുകാലത്ത് നല്ല തീരുമാനമാണിത്:'വെളിച്ചത്തിന്റെ അന്വേഷകരാകുക, പ്രാർത്ഥനയിലും ആളുകളിലും യേശുവിന്റെ വെളിച്ചം തേടുന്നവരാകുക'.

**വേണം ആത്മശോധന**

അതുകൊണ്ട് നമുക്ക് നമ്മോടുതന്നെ ചോദിക്കാം: എന്റെ യാത്രയിൽ, എന്നെ അനുഗമിക്കുന്ന ക്രിസ്തുവിൽ ഞാൻ എന്റെ കണ്ണുകൾ ഉറപ്പിച്ചിട്ടുണ്ടോ? ഇത് ചെയ്യുന്നതിന്, ഞാൻ നിശബ്ദതയ്ക്കും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ഇടം നൽകുന്നുണ്ടോ? അവസാനമായി, എന്നിലും ഞാൻ കണ്ടുമുട്ടുന്ന എല്ലാ സഹോദരീ സഹോദരന്മാരിലും പ്രതിഫലിക്കുന്ന യേശുവിന്റെ വെളിച്ചത്തിന്റെ ഓരോ ചെറിയ കിരണവും ഞാൻ തിരയുന്നുണ്ടോ? ഇതിന് കർത്താവിന് നന്ദി പറയാൻ ഞാൻ ഓർക്കുന്നുണ്ടോ? ദൈവത്തിന്റെ വെളിച്ചത്താൽ വിളങ്ങുന്ന മറിയം, നമ്മുടെ ദൃഷ്ടി യേശുവിൽ ഉറപ്പിച്ചുനിർത്താനും വിശ്വാസത്തോടെയും സ്നേഹത്തോടെയും പരസ്പരം നോക്കാനും നമ്മെ സഹായിക്കട്ടെ.

ഉക്രെയിൻ യുദ്ധം ആരംഭിച്ചിട്ട് ഫെബ്രുവരി 24-ന് രണ്ടു വർഷം പിന്നിടുന്ന വേദനജനകമായ വാർഷികത്തെക്കുറിച്ച് പാപ്പാ ത്രികാല പ്രാർത്ഥനാനന്തരം പരാമർശിച്ചു.അതിഭീകരമാംവിധം നീണ്ടുപോവുകയും അന്ത്യം ഇനിയും കാണാൻ കഴിയാതിരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള ഇരകളും മുറിവുകളും നാശനഷ്ടങ്ങളും സഹനങ്ങളും കണ്ണീരും ഏറെയാണെന്ന് പാപ്പാ അനുസ്മരിച്ചു. യൂറോപ്പിലെ ആ പ്രദേശത്തെ നശിപ്പിച്ചുകൊണ്ടിരിക്കുക മാത്രമല്ല, ഭയത്തിന്റെയും വിദ്വേഷത്തിന്റെയും ആഗോള തരംഗം അഴിച്ചുവിടുകയും ചെയ്യുന്ന യുദ്ധമാണിതെന്ന് പാപ്പാ പറഞ്ഞു.

പീഡിതരായ ഉക്രേനിയൻ ജനതയോടുള്ള തന്റെ അഗാധ വാത്സല്യം നവീകരിച്ച പാപ്പാ എല്ലാവർക്കും വേണ്ടി, പ്രത്യേകിച്ച് നിരപരാധികളായ അസംഖ്യം ഇരകൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. നീതിപൂർവകവും നീണ്ടുനില്ക്കുന്നതുമായ ഒരു സമാധാനം തേടുന്നതിനുപയുക്തമായ നയതന്ത്രപരമായ പരിഹാരത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അനുവദിക്കുന്ന മനുഷ്യത്വത്തിന്റെ ഒരംശം കണ്ടെത്താൻ പാപ്പാ അഭ്യർത്ഥിക്കുകയും ചെയ്തു. പലസ്തീനിനും ഇസ്രായേലിനും യുദ്ധം തകർത്ത നിരവധി ജനതകൾക്കും വേണ്ടി പ്രാർത്ഥിക്കാനും കഷ്ടപ്പെടുന്നവരെ സമൂർത്തമായി സഹായിക്കാനും ആരും മറക്കരുതെന്ന് പാപ്പാ പറഞ്ഞു. നിരവധിയായ സഹനങ്ങളെക്കുറിച്ചും, മുറിവേ



റ്റവരും നിരപരാധികളുമായ കുട്ടികളെക്കുറിച്ചും ചിന്തിക്കാൻ പാപ്പാ ആഹ്വാനം ചെയ്തു.

**കോംഗൊയിലെ സംഘർഷാവസ്ഥ**

പ്രജാധിപത്യ റിപ്പബ്ലിക്കായ കോംഗോയുടെ കിഴക്കൻ ഭാഗത്ത് അക്രമം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതിലുള്ള ആശങ്കയും പാപ്പാ വെളിപ്പെടുത്തി. സമാധാനത്തിനായി പ്രാർത്ഥിക്കാനുള്ള പ്രാദേശിക മെത്രാന്മാരുടെ ക്ഷണത്തോട് താനും ഒന്നുചേരുന്നുവെന്നു പറഞ്ഞ പാപ്പാ, സംഘർഷങ്ങൾക്കു വിരാമം കണ്ടെത്താൻ ആത്മാർത്ഥവും ക്രിയാത്മകവുമായ സംഭാഷണത്തിനുള്ള അന്വേഷണം ഉണ്ടാകുമെന്ന പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

നൈജീരിയയിൽ തട്ടിക്കൊണ്ടുപോകൽ സംഭവങ്ങൾ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതിലും പാപ്പാ ആശങ്ക പ്രകടിപ്പിച്ചു. അന്നാട്ടിലെ ജനങ്ങളോടുള്ള തന്റെ പ്രാർത്ഥനാസാമീപ്യം അറിയിക്കുകയും ചെയ്തു. തട്ടിക്കൊണ്ടുപോകൽ സംഭവങ്ങളുടെ വ്യാപനം എത്രയും വേഗം തടയുന്നതിനു വേണ്ട പരിശ്രമങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയും പാപ്പാ പങ്കുവച്ചു.



മംഗോളിയ അഭിമുഖീകരിച്ചു വരുന്ന അതിശൈത്യം അന്നാട്ടിൽ ജനജീവിതത്തിന് കനത്ത പ്രഹരമേൽപ്പിച്ചിരിക്കുന്നത് പാപ്പാ അനുസ്മരിച്ചു. തീവ്രമായ ശീത തരംഗത്തിന്റെ ആഘാതം അനുഭവിക്കുന്ന മംഗോളിയയിലെ ജനങ്ങളുടെ ചാരെ താനുണ്ട്. ഈ കടുത്ത പ്രതിഭാസം കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങളുടെയും സൂചന കൂടിയാണ്. കാലാവസ്ഥ പ്രതിസന്ധി ഒരു ആഗോള സാമൂഹിക പ്രശ്നമാണെന്നും അത് അനേകം സഹോദരീസഹോദരന്മാരുടെ, വിശിഷ്യ ഏറ്റവും ദുർബ്ബലരുടെ, ജീവിതത്തെ ആഴത്തിൽ ബാധിക്കുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു. സൃഷ്ടിയുടെ പരിപാലനത്തിന് സംഭാവന നൽകുന്നതിന് വിവേകപൂർണ്ണവും ധീരവുമായ തിരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുന്നതിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് പാപ്പാ അഭ്യർത്ഥിച്ചു. ❍




# സേവനം നാട്യമാകരുത് : ഫ്രാൻസിസ് പാപ്പ

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു എസ് എ



രണ്ടാമതായി യേശു തന്റെ പരസ്യ ജീവിതത്തിന്റെ ഭൂരിഭാഗവും പ്രത്യേകിച്ച് ഗലീലിയയിൽ എല്ലാത്തരം ദരിദ്രരുമായും, രോഗികളുമായും സമ്പർക്കം പുലർത്താൻ ചെലവഴിച്ചിരുന്നുവെന്ന് അനുസ്മരിച്ച പാപ്പാ, നമ്മെ സംബന്ധിച്ചിടത്തോളം ദുർബലത രാഷ്ട്രീയമായ ശരിയോ അല്ലെങ്കിൽ ആചാരങ്ങളുടെ വെറും സംഘാടനമോ ആയിരിക്കാൻ കഴിയില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നതെന്ന് അടിവരയിട്ടു. ആളുകൾ മുഖമില്ലാത്ത വ്യക്തികളാകരുത്. സേവനം പ്രകടനപരമായ നാട്യവുമാകരുത്. രോഗികൾക്കും, ദരിദ്രർക്കും സഹായം എങ്ങനെ ആസൂത്രണം ചെയ്യണമെന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയല്ല യേശു ചെയ്തത്. മറിച്ച് ദുർബലരുമായി സമ്പർക്കം പുലർത്തുന്ന ഒരു ജീവിതശൈലി പരിശീലിപ്പി



ക്കാനാണ് യേശു ആഗ്രഹിച്ചതെന്ന് പാപ്പാ വിശദീകരിച്ചു.

ക്രിസ്തു ജനങ്ങളെ എങ്ങനെ കണ്ടുമുട്ടി, അവരെ എങ്ങനെ സ്വീകരിച്ചു എന്നറിയണം. അവന്റെ സാന്നിധ്യം, അനുകമ്പ, ആർദ്രത എന്നിവ ശിഷ്യന്മാർ ദർശിക്കുകയും പുനരുത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവ് ഈ ജീവിതരീതി അവരിൽ ദൃഢപ്പെടുത്തുകയും ചെയ്തു. അങ്ങനെയാണ് യേശു ചെയ്തത് പോലെ ദുർബലരായ മനുഷ്യരെ സ്നേഹിച്ചുകൊണ്ട് വിശുദ്ധരായി തീർന്ന സ്ത്രീ പുരുഷന്മാരെ ആത്മാവ് രൂപപ്പെടുത്തിയതെന്നും പാപ്പാ പറഞ്ഞു. ചിലർ വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുകയും, നമുക്കെല്ലാവർക്കും മാതൃകയാക്കുകയും ചെയ്യുന്നു. എന്നാൽ കൊച്ചുകുട്ടികളെയും, ദരിദ്രരെയും, ദുർബലരെയും, പാർശ്വവത്കരിക്കപ്പെട്ടവരെയും സ്വീകരിച്ചുകൊണ്ട് എത്രയെത്ര സ്ത്രീ പുരുഷന്മാർ വിശുദ്ധീകരിക്കപ്പെടുന്നുണ്ട്. സുവിശേഷത്തിന്റെ ഇത്തരം മറഞ്ഞിരിക്കുന്ന സാക്ഷികളുടെ കഥകൾ നന്ദിയോടും ലാളിത്യത്തോടും കൂടെ നമ്മുടെ സമൂഹത്തിൽ പങ്കുവെക്കേണ്ടത് പ്രധാനമാണ്.

മൂന്നാമതായി സുവിശേഷത്തിൽ ദരിദ്രരും ദുർബ്ബലരും വസ്തുക്കളല്ല; വ്യക്തികളാണ്. ദൈവരാജ്യ പ്രഘോഷണത്തിൽ യേശുവിനോടൊപ്പം പ്രധാന കഥാപാത്രങ്ങളാണവർ എന്ന് പാപ്പാ പറഞ്ഞു. അന്ധനായ ബർതെമേയൂസിന്റെ രോഗ സൗഖ്യത്തെ (മത്താ 10:46–52 ) പരാമർശിച്ച പാപ്പാ ആ കഥ പ്രതീകാത്മകമാണെന്ന് ചൂണ്ടിക്കാണിച്ചു. യേശു ആ മനുഷ്യനിൽ താൻ അന്വേഷിക്കുന്ന വിശ്വാസം കണ്ടെത്തുന്നതായി നാം കാണുന്നു. ജനക്കൂട്ടത്തിന്റെയും ബഹളത്തിന്റെയും മധ്യേ യേശു മാത്രമേ അവനെ തിരിച്ചറിയുകയും വിശ്വാസം നിറഞ്ഞ അവന്റെ നിലവിളി കേൾക്കുകയും ചെയ്തുള്ളൂ. കർത്താവിൽ അർപ്പിച്ച തന്റെ വിശ്വാസം നിമിത്തം വീണ്ടും കാഴ്ച ലഭിച്ച ആ മനുഷ്യൻ യേശുവിനെ അനുഗമിക്കുകയും അവന്റെ സാക്ഷിയായി തീരുകയും ചെയ്യുന്ന കഥയായി സുവിശേഷങ്ങളിൽ പ്രവേശിക്കുകയാണ് എന്ന് പാപ്പാ ചൂണ്ടിക്കാണിച്ചു.'ദുർബലനായി തീർന്ന യേശുവിനാൽ രക്ഷിക്കപ്പെട്ട ദുർബലനായ ബർതെമേയൂസ് പുനരുത്ഥാന സന്തോഷത്തിന് സാക്ഷിയാകുന്നു.'

ശാരീരിക ദൗർബല്യം മാത്രമല്ല വ്യത്യസ്ത ദുർബലതകളുമുണ്ടെന്ന് സമൂഹത്തിനു മുന്നിൽ ആരോപിക്കപ്പെട്ട് ഏഴ് ഭൂതങ്ങളാൽ പീഡിപ്പിക്കപ്പെട്ടിരുന്ന മഗ്ദലേന മറിയം ഉത്ഥിതനായ യേശുവിന്റെ ആദ്യ സാക്ഷിയായി തീർന്ന കഥയും പാപ്പാ ഓർമ്മപ്പെടുത്തി. ചുരുക്കത്തിൽ ക്രിസ്തുവിന്റെ കൃപയാലും അവന്റെ ശൈലിയാലും കണ്ടുമുട്ടപ്പെടുകയും സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുന്ന ദുർബലരായ വ്യക്തികൾക്ക് വിശ്വാസ സമൂഹത്തിലും, മറ്റു സമൂഹങ്ങളിലും സുവിശേഷത്തിന്റെ സാന്നിധ്യമായി മാറാൻ കഴിയും. ❍


കനകമല മുത്തപ്പോ... പൊൻമലകയറ്റം...
85-ാം മത്
ഇരിങ്ങാലക്കുട രൂപത
കനകമല
തീർത്ഥാടനം
2024 ഫെബ്രുവരി 11 മുതൽ
ഏപ്രിൽ 07 വരെ
MY LORD
MY GOD
ഏവർക്കും സ്വാഗതം
Kanakamala Kurisumudi
Kanakamala Church
Ph: 9446509385, 0480 2720385



# വൈദികർ സഹകാരികളാകണമെന്ന് ഫ്രാൻസിസ് പാപ്പ

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

**SPECIAL REPORT**



**വത്തിക്കാൻ സിറ്റി:** ദൈവജനത്തെ ക്രിസ്തുവിലേക്ക് നയിക്കാനുള്ള ദൗത്യം പരമപ്രധാനമെന്ന് ഫ്രാൻസിസ് പാപ്പാ മെത്രാന്മാരെ ഓർമ്മിപ്പിച്ചു. അർമേനിയൻ പാത്രിയാർക്കൽ സഭാ സിനഡ് അംഗങ്ങളുമായി വത്തിക്കാനിൽ കൂടിക്കാഴ്ച്ച നടത്തവേ ശക്തമായ ഭാഷയിലാണ് പാപ്പാ മെത്രാന്മാരുടെ ദൗത്യത്തിന്റെ പ്രാധാന്യവും അതിൽ സംഭവിച്ചുവരുന്ന പിഴവുകളും ചൂണ്ടിക്കാട്ടിയത്.'ഭാവിയിലേക്ക് സഭയെ നയിക്കുവാൻ വേണ്ടി പുതിയ മെത്രാന്മാരെ തിരഞ്ഞെടുക്കുവാൻ സിനഡ് സമ്മേളിക്കുമ്പോൾ , വളരെ ശ്രദ്ധാപൂർവം ആ തിരഞ്ഞെടുപ്പ് നടത്തണം'.

വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും കബറിടം സ്ഥിതിചെയ്യുന്ന റോമിലേക്ക് സന്തോഷപൂർവം സിനഡ് അംഗങ്ങളെ സ്വാഗതം ചെയ്തു കൊണ്ടാണ് പാപ്പാ തന്റെ സന്ദേശം ആരംഭിച്ചത്. അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരെന്ന നിലയിൽ മെത്രാന്മാരിൽ നിക്ഷിപ്തമായിരിക്കുന്ന ഏറ്റവും വലിയ കടമ ദൈവജനത്തെ ക്രിസ്തുവിലേക്ക് നയിക്കുക എന്നതാണ്.പുതിയ മെത്രാന്മാരെ തിരഞ്ഞെടുക്കുവാൻ സിനഡ് സമ്മേളിക്കുമ്പോൾ വളരെ ശ്രദ്ധ വേണം.അവർ അജഗണങ്ങളോട് ചേർന്ന് നിൽക്കുന്നവരും, അജപാലനകാര്യങ്ങളിൽ വിശ്വസ്തത പുലർത്തുന്നവരും, ഒരിക്കലും സ്വന്തം താത്പര്യങ്ങൾക്ക് പ്രധാന്യം കല്പിക്കാത്തവരും ആയിരിക്കണം. പണത്തോട് മാത്രം അമിതമായ ആവേശവും,



ഉത്സാഹവും കാണിക്കുന്നവരെ തിരഞ്ഞെടുക്കരുതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന രൂപതയുടെ കാര്യങ്ങളിൽ ശ്രദ്ധാലുവാകാതെ, സ്ഥാനക്കയറ്റങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നവരെ സൂക്ഷിക്കണമെന്നും, അവർ 'അജപാലന വ്യഭിചാര'മാണ് നടത്തുന്നതെന്നും പാപ്പാ പറഞ്ഞു. മറിച്ച് ഒരു മെത്രാനിൽ നിന്നും, പിതാവിനടുത്ത പരിചരണവും, സഹോദരനടുത്ത സന്തോഷവും, ദൈവീകകരുണയുമാണ് ജനം പ്രതീക്ഷിക്കുന്നത്. അതിനാൽ അജഗണത്തോട് ചേർന്നുനിൽക്കുന്ന മെത്രാന്മാരെയാണ് ആവശ്യമെന്നും പാപ്പാ പറഞ്ഞു.

'നോമ്പുകാലത്ത് എപ്പോഴും കുരിശിലേക്ക് നോക്കണം, നമ്മെ വെറുക്കുന്നവരെ പോലും വിശുദ്ധിയിലേക്ക് നയിക്കണം': നരേക്കിലെ വിശുദ്ധ ഗ്രിഗറിയുടെ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ട് പാപ്പാ അടിവരയിട്ടു പറഞ്ഞു. എണ്ണത്തിൽ കുറവാണെങ്കിലും, അർമേനിയൻ സഭയുടെ പ്രാധാന്യവും പാപ്പാ ചൂണ്ടിക്കാട്ടി.സഭയുടെ നന്മയ്ക്കായി പ്രാർത്ഥിക്കണം, സഭയുടെ ഐക്യത്തിനായും, കെട്ടുറപ്പിനായും പ്രയത്നിക്കണം.

ഭൗതികമായ നേട്ടങ്ങൾക്കായി മനുഷ്യൻ നെട്ടോട്ടമോടുന്ന കാലഘട്ടത്തിൽ ദൈവവിളി സ്വീകരിക്കുന്നവരുടെ പരിശീലനത്തിൽ ശ്രദ്ധ ചെലുത്തണം.അവർ



ഏറ്റെടുക്കുവാൻ പോകുന്ന ഉത്തരവാദിത്വത്തെ പറ്റി ബോധ്യം ജനിപ്പിക്കുംവിധം പരിശീലനം നടത്തണമെന്നും പാപ്പാ പറഞ്ഞു.

'സഹകാരികളാകണം'

'വൈദികർ സഹകാരികളും ശുശ്രൂഷകരും ദൈവാത്മപിയാൽ നയിക്കപ്പെടുന്നവരുമാകണ'മെന്ന് റോം രൂപതയ്ക്കു വേണ്ടി പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന വൈദികാർത്ഥികൾക്ക് (ഡീക്കൻ) നൽകിയ സന്ദേശത്തിലൂടെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചു. അവരുമായി അന്നു നടത്താനിരുന്ന കൂടിക്കാഴ്ച ജലദോഷപ്പനി മൂലം മുൻകരുതൽ എന്ന നിലയിൽ റദ്ദാക്കിയെങ്കിലും സന്ദേശം വരമൊഴിയായി കൈമാറുകയായിരുന്നു. നേതാക്കളാകാനല്ല സഹകാരികളാകാനാണ് തിരുസഭാ മാതാവ് വൈദികരോട് പ്രഥമതഃ ആവശ്യപ്പെടുന്നതെന്ന് റോം രൂപതയുടെ മെത്രാൻകൂടിയായ മാർപ്പാപ്പാ ചൂണ്ടിക്കാട്ടി.

പരിശുദ്ധാത്മപിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ദൈവജനത്തെ സേവിക്കുന്നതിൽ മെത്രാന്മാരുടെ വിശ്വസ്ത സഹകാരികളായി പൗരോഹിത്യ ശുശ്രൂഷ ആജീവനാന്തം അനുഷ്ഠിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്ന് പൗരോഹിത്യ സ്വീകരണവേളയിൽ ആദ്യം ഉന്നയിക്കപ്പെടുന്ന ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ത്രിവിധ കാര്യങ്ങളിൽ, അതായത്, 'വിശ്വസ്ത സഹകാരികളായിരിക്കുക', 'ദൈവജന സേവനം', 'പരിശുദ്ധാത്മാവിന്റെ മാഗ്ഗനിർദ്ദേശത്തിൻ കീഴിൽ' എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു പാപ്പായുടെ സന്ദേശം.

ഒരിക്കൽ പൗരോഹിത്യം സ്വീകരിച്ചുകഴിഞ്ഞാൽ ആ വ്യക്തി നേരിട്ട് സ്വന്തം ശൈലിയിൽ ചുമതലകൾ കൈകാര്യം ചെയ്യാവുന്ന അവസ്ഥയിലെത്തുന്നു. പക്ഷേ, തിരുസഭാമാതാവ് ആദ്യം ആവശ്യപ്പെടുന്നത് നേതാവായിരിക്കാനല്ല പ്രത്യുത, സഹകാരി ആയിരിക്കാനാണ്, അതായത് 'കൂടെ പ്രവർത്തിക്കാൻ' ആണ്. സഭ കൂട്ടായ്മയുടെ ഒരു രഹസ്യമാണെന്ന രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ പ്രബോധനം ഇതിന് ഉപോദ്ബലകമായി പാപ്പാ എടുത്തുകാട്ടി.

രണ്ടാമത്തെ ഘടകമായ ദൈവജന സേവനത്തെക്കുറിച്ച് വിശകലനം ചെയ്ത പാപ്പാ 'മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകനുമത്രേ' എന്ന



യേശുവിന്റെ വാക്കുകൾ അനുസ്മരിച്ചു. ശെമ്മാശ്ശൻ ആയതിനു ശേഷമാണ് ഒരാൾ വൈദികനാകുന്നതെന്നും പൗരോഹിത്യം സ്വീകരിക്കുന്നതോടുകൂടി ശെമ്മാശ്ശപദവി അപ്രത്യക്ഷമാകുന്നില്ലെന്നും നേരെമറിച്ച്, ശെമ്മാശ്ശ സ്ഥാനം പൗരോഹിത്യത്തിന്റെ അടിത്തറയായി ഭവിക്കുന്നുവെന്നും പാപ്പാ ഈ വചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. ആകയാൽ പൗരോഹിത്യത്തിന്റെ ആന്തരിക അടിത്തറ കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണ്. 'ശുശ്രൂഷാപരമായ ഒരു മനസ്സാക്ഷി' എന്ന് അതിനെ വിശേഷിപ്പിക്കാം.മനസ്സാക്ഷി എല്ലാ തീരുമാനങ്ങളുടെയും അടിസ്ഥാനമായിരിക്കുന്നതുപോലെ സേവനാരൂപി പൗരോഹിത്യത്തിന്റെ അടിത്തറയാകണമെന്ന് പാപ്പാ വിശദീകരിച്ചു.

ഗുരുപട്ടം സ്വീകരിക്കുന്ന വേളയിലെ ആദ്യ ചോദ്യത്തിലെ മൂന്നാമത്തെ ഘടകമായ പരിശുദ്ധാത്മാരൂപിയുടെ മാർഗ്ഗനിർദ്ദേശത്തിനു വിധേയമാകലിനെക്കുറിച്ചു പരാമർശിക്കവേ പാപ്പാ പരിശുദ്ധാത്മാവിന് പ്രാമുഖ്യം കല്പിക്കേണ്ടത് എന്നും പ്രാധാന്യമർഹിക്കുന്നുവെന്നു പറഞ്ഞു.'അപ്രകാരം സംഭവിച്ചാൽ വൈദികരുടെ ജീവിതം അപ്പൊസ്തോലന്മാരുടേതുപോലെ കർത്താവോന്മുഖവും കർത്താവി



നാൽ നയിക്കപ്പെടുന്നതുമാകും.'

'ഏവരും ദുർബലർ'

ദരിദ്രരും ദുർബ്ബലരും ദൈവരാജ്യ പ്രഘോഷണത്തിൽ യേശുവിനോടൊപ്പമുള്ള പ്രധാന കഥാപാത്രങ്ങളാണെന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു.അശരണരുടെ സേവനത്തിനായി ജീവിതം സമർപ്പിച്ചിട്ടുള്ള ഫ്രത്തേർണാ ദോമൂസ് അസോസിയേഷൻ സംഘടിപ്പിച്ച 'സ്വീകരണത്തിന്റെ ഇരിപ്പിടം' എന്ന പേരിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തവർ വത്തിക്കാനിലെ ക്ലെമന്റീനാ ഹാളിൽ പാപ്പായുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ അവരെ അഭിസംബോധന ചെയ്തു നൽകിയ സന്ദേശത്തിലാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

വത്തിക്കാനിൽ നിന്ന് പത്തൊമ്പത് കിലോമീറ്റർ അകലെ ഫ്രത്തേർണാ ദോമൂസ് സാക്രോഫാനോയിൽ ആയിരുന്നു 'സ്വീകരണത്തിന്റെ ഇരിപ്പിടം'എന്ന സമ്മേളനം നടത്തിയത്. വിശാലവും, സുസജ്ജവും ആയതിനാൽ മാത്രമല്ല അവിടം ഈ സമ്മേളനത്തിന് അനുയോജ്യമായ സ്ഥലമാകുന്നതെന്ന് പറഞ്ഞു കൊണ്ട് അവിടെ പ്രായമായവർ, നിർദ്ധനരായ കുടുംബങ്ങൾ, പ്രശ്നബാധിതരായ യുവജനങ്ങൾ, കുടിയേറ്റക്കാർ എന്നിവർക്ക് അഭയം നൽകുന്ന ഫ്രത്തേർണാ ദോമൂസ് അസോസിയേഷനിലെ സഹോദരിമാർക്ക് പാപ്പാ നന്ദി രേഖപ്പെടുത്തി. ദുർബലരെ കേന്ദ്രഭാഗത്ത് പ്രതിഷ്ഠിച്ചിട്ടുള്ള അവരുടെ സമ്മേളനത്തിന്റെ കാര്യപരിപാടി തന്നെ ആകർഷിച്ചു. അത് വളരെ സമ്പന്നവും രസകരവും തികച്ചും സുവിശേഷാത്മകവുമാണെന്ന് പറഞ്ഞു കൊണ്ട് അവരെ പാപ്പാ അഭിനന്ദിച്ചു. അവരുടെ പ്രവർത്തനത്തിനും പരിചിന്തനത്തിനുമായി മൂന്നു പ്രധാന ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ഒന്നാമതായി ദുർബലരായ സഹോദരീ സഹോദരങ്ങളെ സ്വാഗതം ചെയ്യാൻ നമ്മളും ദുർബ്ബലരാണെന്നും ക്രിസ്തുവിനാൽ സ്വാഗതം ചെയ്യപ്പെടുന്നവരാണെന്നുമുള്ള ചിന്ത വേണം. ക്രിസ്തു എപ്പോഴും നമ്മളെക്കാൾ മുന്നിലാണെന്ന് ഓർമ്മിക്കണം; അവിടുന്ന് പീഡാസഹനം വരെ ദുർബലനാവുകയും നമ്മുടെ ദുർബലതയെ സ്വീകരിക്കുകയും ചെയ്തു. അതിനാൽ അവിടുത്തേക്ക് നന്ദി പറഞ്ഞു കൊണ്ട് നമുക്കും അവനെ പിൻചെയ്യാൻ കഴിയും. 'ദൈവ മഹത്വത്തിനായി ക്രിസ്തു നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്വീകരിക്കുവിൻ 'എന്ന വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ (റോ 15:7) വചനത്തെ അനുസ്മരിച്ചുകൊണ്ട് മുന്തിരി ചെടിയിലെ ശാഖകളെ പോലെ നാം അവനിൽ നിലനിൽക്കുകയാണെങ്കിൽ സ്വീകരണത്തിന്റെ ഒരു വിശാലമായ രംഗത്തു പോലും നല്ല ഫലം വിളയിക്കാൻ കഴിയുമെന്ന് പാപ്പാ ഓർമ്മപ്പെടുത്തി. ❍



# കുറ്റം വിധിക്കാതെ കാരുണ്യ നയനങ്ങളാകാൻ ഈശോമിശിഹാ ക്ഷണിക്കുന്നു: ഫ്രാൻസീസ് പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



**നമ്മുടെ തെറ്റുകൾ നോക്കാതെ നമ്മെ സ്നേഹിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തോട് കാരുണ്യത്തിന്റെ നയനങ്ങൾ ലഭിക്കുന്നതിനായി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് 2024 മാർച്ച് 10ന് യോഹന്നാന്റെ സുവിശേഷം മൂന്നാമദ്ധ്യായം 14 മുതൽ 21 വരെയുള്ള വി.ഗ്രന്ഥ ഭാഗം വിവരിച്ച് ഫ്രാൻസീസ് പാപ്പ പഠിപ്പിച്ചു.**

തന്റെ ഏകജാതനെ നൽകാൻ തക്ക വിധം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചുവെന്നും ആരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടിയാണ് അവിടുന്നു അപ്രകാരം ചെയ്തത് എന്നും യേശു യഹൂദ പ്രമാണിയായ നിക്കോദേമോസുമായുള്ള സംഭാഷണമദ്ധ്യേ വിവരിക്കുന്ന സുവിശേഷ ഭാഗം ആണ് ഫ്രാൻസീസ് പാപ്പ വിശദീകരിച്ചത്.

**ദൈവം ശിക്ഷ വിധിക്കുന്നവനല്ല രക്ഷിക്കുന്നവൻ**

ആരുടേയും കണ്ണിൽ പെടാതെ രാത്രിയിൽ ഈശോയുടെ അടുത്ത് എത്തുന്ന ഫരീസേയനായ യഹൂദ പ്രമാണിയായ നിക്കോദേമോസിനെ സ്വീകരിച്ച് അവനുമായി സൗഹൃദ അനുഗ്രഹ സംഭാഷണത്തിൽ ഏർപ്പെടുന്ന കർത്താവ് താൻ വന്നിരിക്കുന്നത് ഈ ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ലെന്നും മറിച്ച് രക്ഷിക്കാനാണെന്നും ഉള്ള വലിയ സത്യം അവനോട് വെളിപ്പെടുത്തുന്നു.(യോഹ.3:17). ഈശോയുടെ ഈ വലിയ വെളിപ്പെടുത്തൽ മനുഷ്യ കുലത്തിന് ലഭിക്കാവുന്ന ഏറ്റവും പ്രധാന വെളിപാട് ആണെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിക്കുന്നത്. ഒത്തിരിയേറെ സുന്ദരമായ വാഗ്ദാനമാണ് ഈശോ വന്നത് കുറ്റം വിധിക്കാനല്ല മറിച്ച് ലോകത്തെ രക്ഷിക്കാനാണ് എന്നത്. അതിനാൽ നമ്മെ രക്ഷിക്കുന്നതിനു വേണ്ടി ഓരോരുത്തരുടേയും ഹൃദയ വിചാരങ്ങളെ ദൈവം അറിയുന്നുണ്ട്.

**ഹൃദയ വിചാരങ്ങൾ അറിയുന്ന ദൈവം**

പരി.പിതാവ് പ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നത് ഈശോ താൻ കണ്ടുമുട്ടുന്ന ആളുകളുടെ ഉദ്ദേശ്യങ്ങൾ വെളിപ്പെടുത്തുകയും; ചിലപ്പോൾ ഫരിസേയരുടെ കപട മനോഭാവങ്ങൾ അനാവരണം ചെയ്യുകയും(മത്താ:23:27–32); സമറിയാക്കാരി സ്ത്രീയെ പോലുള്ളവരുടെ ക്രമ രഹിത ജീവിതത്തെ കുറിച്ച് അവരെ അവബോധരാക്കുകയും (യോഹ:4:5 – 42) ചെയ്യുന്നുണ്ട് എന്ന് കാണാം.
പാപ്പാ പറയുന്നത് ഈശോയുടെ മുമ്പിൽ രഹസ്യങ്ങളില്ല. മറിച്ച് അവിടന്ന് എല്ലാവരുടേയും ഹൃദയങ്ങൾ പൂർണ്ണമായി കാണുവാനും വായിക്കാനും കഴിയുന്നവനാണ്. എന്നാൽ ഈ അറിവ് ചിലപ്പോൾ ചിലർക്ക് അസ്വസ്ഥജനകമാണ്. ഈ അറിവും കഴിവും ദുരുപയോഗം ചെയ്താൽ അത് ആളുകളെ നിർദ്ദയ ന്യായവിധികൾക്ക് വിധേയരാക്കി കൊണ്ട് ദോഷകരമായി ബാധിക്കും. എന്തെന്നാൽ ആരും പൂർണ്ണരല്ല എന്നാണ് പാപ്പാ പഠിപ്പിക്കുന്നത്. നാമെല്ലാം പാപികളും തെറ്റുകൾ പറ്റുന്നവരുമാണ്. പാപ്പാ പറയുന്നത് നമ്മെ കുറ്റം വിധിക്കാൻ കർത്താവ് നമ്മുടെ ബലഹീനതകളെ കുറിച്ചുള്ള അവിടുത്തെ അറിവ് ഉപയോഗിച്ചാൽ ആർക്കും രക്ഷപ്പെടാൻ കഴിയില്ല. പക്ഷെ ദൈവം നമ്മെ കുറ്റം വിധിക്കുന്നതിൽ കരുണാമയനും കൃപാലുവുമാണെന്നാണ് ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിക്കുന്നത്.

**ദൈവം മനുഷ്യന് നേരെ ശിക്ഷയുടെ വിരൽ ചൂണ്ടുന്നില്ല.**

ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നത് ദൈവം നമുക്ക് നേരെ ഗൗരവമായി പ്രതികാരത്തിന്റെ വിരൽ ചൂണ്ടുന്നവ നല്ല മറിച്ച് നമ്മുടെ ജീവിതത്തെ പാപ മോചിതമാക്കി ആശ്ലേഷിച്ച് നമ്മെ രക്ഷിക്കാനുള്ള കാരുണ്യവാനാണ്. കാൽവരിയിൽ ഈശോനാഥന്റെ പുണ്യകരങ്ങളിൽ കാരിരുമ്പാണികൾ തുളച്ചു കയറിയത് നമ്മെ ശിക്ഷയ്ക്ക് വിധിക്കാനല്ല മറിച്ച് രക്ഷിക്കാനാണ്. മനുഷ്യനെ രക്ഷിക്കാൻ വന്ന ഈശോ നമ്മെ വിചാരണ ചെയ്യുകയോ ശിക്ഷാവിധിക്ക് വിധേയമാക്കുകയോ ഇല്ല. നമ്മിൽ ആരും നഷ്ടപ്പെടരുത് എന്നാണ് ഈശോ ആഗ്രഹിക്കുന്നത്. നമ്മുടെ കർത്താവ് നമ്മിലെ നന്മ കാണാനും നന്മയെ തിരിച്ചറിയാനും അവിടുത്തെ കൃപയാൽ നമ്മെ സൗഖ്യമാക്കി പരിവർത്തിപ്പിക്കാനും ശക്തിയുള്ള രക്ഷകനാണ്. ഫ്രാൻസീസ് പാപ്പ മനോഹരമായ ഒരു ഉപമ ഉപയോഗിച്ചാണ് ഈ സത്യം പഠിപ്പിക്കുന്നത്. പാപ്പാ പറയുന്നത് രക്ഷകന്റെ നമ്മോടുള്ള നോട്ടം നമ്മെ



കണ്ണഞ്ചിപ്പിച്ച് ബുദ്ധിമുട്ടിപ്പിക്കുകയും കാഴ്ച ഇല്ലാതാക്കുകയും ചെയ്യുന്ന വിളക്കുമാടമായല്ല മറിച്ച് നമ്മുടെ കണ്ണിന് ഹിതകരവും ദർശന സുഖവുമേകുന്ന മൃദുവെളിച്ചമേകുന്ന വിളക്ക് പോലെയാണ്. ഈശോയെ പോലെ നമ്മളും മറ്റുള്ളവർക്ക് ദർശന സുഖമേകുന്നവരാകണം. ഇതിന് അപരനിൽ നന്മ കാണാനും  കുറ്റം വിധിക്കാതിരിക്കാനും നാം തയ്യാറാകണം.

**കുറ്റം വിധിക്കരുത്**

ഈശോ വന്നത് വിധിക്കാനല്ലല്ലോ ലോകത്തെ രക്ഷിക്കാനാണ്. നിരവധി തവണ മറ്റുള്ളവരെ കുറ്റം വിധിക്കുന്ന നാം മാനസാന്തരപ്പെട്ട് ഈശോയിലേക്ക് തിരിയണം.
നമ്മൾ പലപ്പോഴും മറ്റുള്ളവരെ കുറ്റം പറയാനും അപവാദങ്ങൾ പറയാനും കുറ്റം വിധിക്കാനും ആഗ്രഹിച്ച് നടക്കുന്നവരാണ്. ഇത് മാറി നന്നായി മനസ്തപിച്ച്  നമ്മൾ ഈശോയെ പോലെയാകണം. കുറ്റം പറയുകയും കുറ്റം കേൾക്കുകയും കുറ്റം അന്വേഷിക്കുകയും ചെയ്യുന്ന ദുഷിച്ച പൈശാചിക ദുർശക്തിക്ക് അടിമയാകരുത്.

**ഉപസംഹാരം**

ജീവിതത്തിൽ ആരിലും കുറ്റം കാണുകയോ ആരേയും കുറ്റം പറയുകയോ ആരെയെങ്കിലും കുറ്റപ്പെടുത്തുകയോ ചെയ്യാതെ മറ്റുള്ളവരെ കരുണയോടെയും സ്നേഹത്തോടേയും നന്മയോടെയും നോക്കാനും സ്വീകരിക്കാനും നമുക്ക് വലിയ മാതൃകയായ പരിശുദ്ധ മറിയം മാതൃകയാണ്. ആ അമ്മയുടെ സഹായവും മാദ്ധ്യസ്ഥത നമുക്കപേക്ഷിക്കാം.❍



# യുദ്ധമുഖങ്ങളിൽ ജീവിക്കുന്ന യുവജനങ്ങൾ

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയായിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാരപൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – 10**



70. ഇവിടെ പരിശോധിക്കാൻ പ്രയാസമായ മറ്റു വളരെയധികം വ്യത്യാസങ്ങളും ഉണ്ട്. എങ്ങനെയാണെങ്കിലും, ഇന്നത്തെ യുവജനങ്ങളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും, അവരുടെ അനുഭവങ്ങളെക്കുറിച്ചും കൂടുതൽ വിശദമായ ഒരു വിശകലനം ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതേസമയം, ആ യാഥാർത്ഥ്യത്തെ അവഗണിക്കാൻ ഞാൻ ആഗ്രഹിക്കാത്തതു കൊണ്ട്, സിനഡിനു മുൻപു കിട്ടിയ ചില വിവരങ്ങളും, നമ്മുടെ സമ്മേളനങ്ങളിൽ ഞാൻ കേട്ട മറ്റു കാര്യങ്ങളും രഹസ്യമായി ചുരുക്കി ഞാൻ അവതരിപ്പിക്കുകയാണ്.

യുവജനങ്ങളുടെ ചില അനുഭവങ്ങൾ

71. അമൂർത്തമായവിധം അപഗ്രഥിക്കേണ്ട ഒന്നല്ല യൗവ്വനം, വാസ്തവത്തിൽ "യൗവ്വനം" എന്നൊന്നില്ല: യുവജനങ്ങളാണുള്ളത്, ഒരുവന്റെയോ ഒരുവളുടെയോ മാത്രമായ ജീ




വിതയാഥാർത്ഥ്യങ്ങളോടുകൂടി, വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ, ആ പല ജീവി തങ്ങളും സഹനങ്ങൾക്കും കൃത്രിമങ്ങൾക്കും വിധേയമാണ്.

**സംഘർഷാത്മക ലോകത്തിലെജീവിതം**

72. സിനഡ്പിതാക്കന്മാർദുഃഖത്തോടുകൂടിഏറ്റുപറഞ്ഞു: “പലയുവജനങ്ങളുംഇന്ന്ജീവിക്കുന്നതു്യുദ്ധമുഖങ്ങളിലാണ്; അവർഎണ്ണമറ്റതുംവിവിധങ്ങളുമായരീതിയിലുള്ളഅക്രമങ്ങൾഅനുഭവിച്ചുകൊണ്ടിരിക്കുന്നു: തട്ടിക്കൊണ്ടുപോകൽ, അപഹരണം, സംഘടിതകുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, അടിമത്തം, ലൈംഗികചൂഷണം, യുദ്ധകാലബലാത്സംഗംമുതലായവ. മറ്റുയുവജനങ്ങൾ, അവരുടെവിശ്വാസത്ത (പതി, സമൂഹത്തിൽ തങ്ങൾക്കുള്ളസ്ഥാനത്തിനായികഷ്ടപ്പാടനുഭവിക്കുകയും, പലതരത്തിലുള്ളപീഡനങ്ങൾ, കൊലപാതകംപോലുംഅനുഭവിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. വളരെയധികംയുവജനങ്ങൾ, നിർബന്ധത്താലോ, മറ്റുപോംവഴികളില്ലാത്തതിനാലോ, കുറ്റകൃത്യങ്ങൾചെയ്തുകൊണ്ടുക്രൂരകൃത്യങ്ങളിലേർപ്പെട്ടുംജീവിക്കുന്നു: കുട്ടിപ്പട്ടാളക്കാർ, ആയുധധാരികളായകുറ്റകൃത്യക്കൂട്ടങ്ങൾ, മയക്കുമരുന്നുകടത്തുകാർ, ഭീകരപ്രവർത്തകർമുതലായവ.
ഈക്രൂരതപലയുവജീവിതങ്ങളെയുംനശിപ്പിക്കുന്നു. ദുരുപയോഗം, ദുശ്ശീലങ്ങൾക്കടിമയാകൽഎന്നിവയോടൊപ്പംക്രൂരതയുംതെറ്റുചെയ്യലുംമൂലമാണു്യുവജനങ്ങൾജയിലിൽപോകുന്നതിനിടയാകുന്നത്. ചിലവംശീയഗ്രൂപ്പുകളിലുംസാമുഹികഗ്രൂപ്പുകളിലുംഇവകൂടുതലായിട്ട്സംഭവിക്കുന്നുണ്ട്. "

73. പലയുവാക്കളുംഅബദ്ധസിദ്ധാന്തങ്ങൾക്കടിപ്പെട്ട്, ശത്രുക്കളുടെപീരങ്കിക്കിരയാക്കാനോ, മറ്റുള്ളവരെനശിപ്പിക്കാനോ, ഭീഷണിപ്പെടുത്താനോ, അപഹസിക്കാനോഉള്ളഭീകരസംഘമാകാൻഇടയാകുന്നു. ഇതിനേക്കാളുംമോശമായകാര്യം, അവരിൽപലരുംസ്വാർത്ഥമതികളോ, ശത്രുതാഭാവംനിറഞ്ഞവരോ, മറ്റുള്ളവരെവിശ്വസിക്കാത്തവരോആയിത്തീരുന്നുഎന്നതാണ്; ഈരീതിയിൽ, രാഷ്ട്രീയ

സംഘടനകളുടെയും, സാമ്പത്തികശക്തികളുടെയുംഅതിക്രൂരവുംനാശകരവുമായകുതന്ത്രങ്ങൾക്ക്എളുപ്പത്തിൽഅവർഅടിപ്പെട്ടുപോകുന്നു.

74. "മതപരവുംവംശീയവും, സാമ്പത്തികവുമായപാർശ്വവൽക്കരണവും, സാമൂഹികതിരസ്ക്കരണവുംമൂലംസഹിക്കുന്നയുവജനങ്ങളുടെഎണ്ണംഇതിലൊക്കെക്കൂടുതലാണ്. ഗർഭധാരണത്തിനുംഗർഭച്ഛിദ്രമെന്നമഹാവിപത്തിനും, എച്ച്ഐവിയുടെബാധയ്ക്കും പലരൂപങ്ങളിലുള്ളദുശ്ശീലങ്ങൾക്കും (മയക്കുമരുന്നുകൾ, ചൂതാട്ടം, അശ്ലീലസാഹിത്യം) അടിപ്പെടുന്നകൗമാരക്കാരുടെയുംയുവജനങ്ങളുടെയും, വീടും, കുടുംബവുംസാമ്പത്തികഉറവിടങ്ങളുമില്ലാത്തതെരുവുപിള്ളരുടെയുംദുരവസ്ഥയെനമ്മൾവിസ്മരിക്കരുത്." സ്ത്രീകളുടെകാര്യത്തിൽസാഹചര്യങ്ങൾഇരട്ടിദുഃഖപൂർണ്ണവുംപ്രയാസമേറിയതുമാണ്.

75. ഒരുസഭയെന്നനിലയിൽ, യുവാക്കളുടെഈദുരവസ്ഥയെയോർത്ത്വിലപിക്കുന്നതിൽനാമൊരിക്കലുംപരാജയപ്പെടരുത്. നാമൊരിക്കലുംഇവയോട്പഴകിപ്പോകരുത്. കാരണം, കണ്ണുനീർചിന്താൻകഴിയാത്തഒരാൾക്ക്അമ്മയാകാനാവില്ല. സമൂഹംതന്നെയുംകൂടുതലായവിധംഒരമ്മയായിത്തീരത്തക്കവിധംനാംകരയണം. തൽഫലമായി, കൊല്ലുന്നതിനുപകരം, അതിന്ജന്മംനൽകാൻപഠിക്കാനും, അങ്ങനെ ജീവന്റെവാഗ്ദാനമായിത്തീരാനുമാകും. ദാരിദ്ര്യംമൂലമോ, ആക്രമംമൂലമോഇതിനോടകംജീവൻവെടിഞ്ഞആയുവജനങ്ങളെഓർക്കുമ്പോൾകണ്ണുനീർചിന്തിപ്പോകുകയും, സമൂഹത്തോടുതന്നെകരുതലുള്ളഒരമ്മയായിരിക്കാൻനാംഅപേക്ഷിക്കുകയുംചെയ്യുന്നു. ഈവേദനയൊന്നുംമാഞ്ഞുപോകുന്നില്ല; അതുനമ്മിൽനിലനിൽക്കുന്നു. കാരണം, ഈകഠിനയാഥാർത്ഥ്യത്തിന്ഇനിമേൽഗുപ്തമായിരിക്കാനാവില്ല. നാംചെയ്യുന്നഏറ്റവും നീചമായകാര്യം, യുവജനങ്ങളെമറ്റുസന്ദേശങ്ങൾകൊണ്ടും, മറ്റുശ്രദ്ധാശൈഥില്യങ്ങൾ കൊണ്ടും, ബാലിശമായവയെപിൻചെല്ലുവാനുള്ളപ്രേരണകൊണ്ടുംമയക്കിയെടുക്കുകഎന്നപ്രതിവിധിനൽകുന്നലോകത്തിന്റെഅരൂപിയെഅവലംബിക്കുകഎന്നതാണ്.

76. ഒരുപക്ഷേ, "ന്യായയുക്തമായസുഖസൗകര്യങ്ങളുള്ളജീവിതംനയിക്കുന്നനമുക്ക്കരയാനറിയില്ലായിരിക്കാം. ചിലജീവിതയാഥാർത്ഥ്യങ്ങളെകണ്ണുനീർകൊണ്ടു ശുദ്ധിവരുത്തിയ കണ്ണുകൾകൊണ്ടുമാത്രമേകാണാൻസാധ്യമാകൂ. നിങ്ങളോരോരുത്തരോടുംഈചോദ്യംഉന്നയിക്കാൻഞാൻആഗ്രഹിക്കുന്നു. എനിക്കുകരയാൻകഴിയുമോ? ഒരു കുട്ടിവിശന്നുവലയുന്നതോ, മയക്കുമരുന്നിനടിമപ്പെടുന്നതോ, തെരുവിൽകഴിയുന്നതോ, ഭവനരഹിതനായിരിക്കുന്നതോ, ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതോ, മോശമായപെരുമാറ്റത്തിനുവിധേയമാകുന്നതോ, അല്ലെങ്കിൽഒരടിമയെപ്പോലെസമൂഹത്തിൽചൂഷണംചെയ്യപ്പെടുന്നതോഞാൻകാണുമ്പോൾഎനിക്ക്കരയാനാകുമോ?" നമ്മക്കാൾകുറച്ച്ഭാഗ്യശാലികളായമറ്റെല്ലാവരെക്കുറിച്ചുംവിലപിക്കാൻനാംപരിശ്രമിക്കണം. കരയുകഎന്നത്കാരുണ്യത്തിന്റെയുംഅനുകമ്പയുടെയുംപ്രകടനവുംകൂടിയാണ്. കണ്ണുനീർഒഴുകുന്നില്ലെങ്കിൽ, മറ്റുള്ളവരുടെകഷ്ടപ്പാടുകളിൽകരയുവാനുള്ളവരംതരണമേഎന്നുകർത്താവിനോട്പ്രാർത്ഥിക്കുക. നിങ്ങൾക്ക്കരയുവാനാകുമ്പോൾ, ഹൃദയപൂർവ്വംമറ്റുള്ളവരെസഹായിക്കുവാനാകും.

77. ചിലപ്പോൾ, ചിലയുവജനങ്ങൾഅനുഭവിച്ചമുറിവ്, വാക്കുകളിൽവിവരിക്കാനാകാത്തവിധംആഴമുള്ളവേദനയാകയാൽഹൃദയഭേദകമാണ്. അവർക്ക്തങ്ങൾഎത്രമാത്രം സഹിച്ചുകൊണ്ടിരിക്കുന്നുഎന്ന്ദൈവത്തോടുമാത്രമേപറയാനാകൂ, കാരണംആരിലും തന്നെവിശ്വാസമർപ്പിക്കാൻഅവർക്കാകുന്നില്ല. എന്നിരുന്നാലും, ആനിലവിളിയിൽ, കർത്താവിന്റെവാക്കുകൾതന്നെമുഴങ്ങുന്നുണ്ട്. "വിലപിക്കുന്നവർഭാഗ്യവാന്മാർഎന്തു

കൊണ്ടെന്നാൽഅവർആശ്വസിപ്പിക്കപ്പെടും" (മത്താ. 5:4), ചിലയുവതീയുവാക്കൾക്ക്മുന്നോട്ടുപോകാനായി, കാരണംഅവർആദൈവികവാഗ്ദാനംശ്രവിച്ചു. സഹനം അനുഭവിച്ചുകൊണ്ടിരിക്കുന്നഎല്ലായുവജനങ്ങളും, തങ്ങളുടെചെയ്തികളുംആശ്ലേഷവും, മൂർത്തമായസഹായവുംവഴിയായിആവാക്കുകൾപ്രതിഫലിപ്പിക്കുന്നഒരുക്രിസ്തീയസമൂഹത്തിന്റെസാമീപ്യംഅനുഭവിക്കാനിടയാകട്ടെ

78. അധികാരത്തിലിരിക്കുന്നവർചിലസഹായങ്ങൾനൽകുന്നുണ്ടെന്നത്വാസ്തവമാണ്; പക്ഷേ, അതിന്വലിയവിലകൊടുക്കണം, പലദരിദ്രരാജ്യങ്ങളും, സാമ്പത്തികമുന്നേറ്റം നേടിയരാജ്യങ്ങളോഅന്താരാഷ്ട്രഏജൻസികളോനൽകുന്നസാമ്പത്തികസഹായങ്ങൾ, ലൈംഗികത
യെക്കുറിച്ചും, വിവാഹത്തെക്കുറിച്ചും, ജീവിതത്തെക്കുറിച്ചും, സാമൂഹികനീതിയെക്കുറിച്ചുമുള്ളപാശ്ചാത്യചിന്താഗതികളെസ്വീകരിക്കാൻബാധ്യസ്ഥമാക്കുന്നുണ്ട്. ഈആദർശപരമായഅധിനിവേശം, പ്രത്യേകിച്ച്യുവജനങ്ങൾക്ക്ഉപദ്രവകരമാണ്. ചിലപരസ്യങ്ങൾഎങ്ങനെയാണ്യുവജനങ്ങളെസ്ഥിരമായിഅസംതൃപ്തരാകാൻപഠിപ്പിക്കുന്നതെന്നും, ഒരു "വലിച്ചെറിയൽസംസ്കാരം' ഉടലെടുക്കുന്നതെന്നും, അതിനാൽയുവജനങ്ങൾതന്നെതിരസ്കൃതരായികലാശിക്കാനിടയാകുന്നതെന്നുംനാംകാണുന്നുണ്ട്.

79. നമ്മുടെഇന്നത്തെസംസ്കാരംയുവജനങ്ങളുടെചിത്രംവിരൂപമാക്കുന്നു. സൗന്ദര്യം യുവത്വമുള്ളതായികാണപ്പെടുന്നതിലും, സൗന്ദര്യവർദ്ധകചികിത്സാവിധികളുമായുള്ളബന്ധംസമയത്തിന്റെകാലപ്പഴക്കച്ചിഹ്നങ്ങളെമറയ്ക്കുന്നതിലുംഇതടങ്ങിയിരിക്കുന്നു. യുവശരീരങ്ങളെചരക്കുകളുടെവില്പനയ്ക്കായിനിരന്തരംപരസ്യപ്പെടുത്തപ്പെടുന്നു. സൗന്ദര്യത്തിന്റെആദർശംയുവത്വമാണ്, എന്നാൽ, ഇത്യുവജനങ്ങളുമായിഒട്ടുംതന്നെബന്ധപ്പെട്ടതല്ലെന്ന്നാംമനസ്സിലാക്കണം. അതിനർത്ഥംമുതിർന്നവർയുവത്വത്തെതങ്ങൾക്കായികവർന്നെടുക്കുന്നതിന്തുനിയുന്നുവെന്നതാണ്; അവർയുവജനങ്ങളെആദരിക്കുന്നുവെന്നോ, സ്നേഹിക്കുന്നുവെന്നോ, ശ്രദ്ധിക്കുന്നുവെന്നോഅല്ല.

80. ചിലയുവജനങ്ങൾക്ക"കുടുംബപാരമ്പര്യങ്ങൾഅസഹനീയമായിഭാരപ്പെടുത്തുന്നതായിഅനുഭവപ്പെടുന്നു; യുവജനങ്ങളെചിലപ്പോൾദിശാബോധംനഷ്ടപ്പെട്ടവരാക്കിമാറ്റുന്നആഗോളവൽകൃതസംസ്കാരത്തിന്റെസ്വാധീനത്താൽഅവർഅവയിൽനിന്നുംകടന്നുകളയാൻതുനിയുന്നു. ലോകത്തിന്റെവേറെചിലയിടങ്ങളിൽ, യുവജനങ്ങളുംമുതിർന്നവരുംതമ്മിലുള്ളസംഘർഷങ്ങളെക്കാൾതലമുറകൾക്കിടയിലെപരസ്പരഅകൽച്ചഅനുഭവപ്പെടുന്നുണ്ട്. ചിലപ്പോൾമുതിർന്നവർപരാജയപ്പെടുന്നു. അല്ലെങ്കിൽഅവർജീവിതത്തിന്റെമൗലികമൂല്യങ്ങളെകൈമാറാൻപരിശ്രമിക്കുന്നില്ല. അതുമല്ലെങ്കിൽഅവർയുവജനങ്ങളെഅനുകരിക്കാൻശ്രമിക്കുന്നു. തത്ഫലമായി, തലമുറകൾക്കിടയിലെബന്ധംതകിടംമറിയാനിടയാകുന്നു. ചെറുപ്പക്കാർക്കുംമുതിർന്നവർക്കുമിടയിലെബന്ധം, വെറുംവൈകാരികമായസ്നേഹത്തിന്റെതലത്തിൽമാത്രംനിലനിൽക്കുന്നആപത്സ്ഥിതിഉണ്ടാക്കുന്നു; അതിന്റെവിദ്യാഭ്യാസപരവുംസാംസ്കാരികവശങ്ങളുംസ്പർശിക്കപ്പെടാതെപോകുന്നു." ചിലർഇത്ശ്രദ്ധിക്കുന്നില്ലെങ്കിൽതന്നെയും,ഇത്യുവജനങ്ങൾക്ക്എന്തുവലിയദ്രോഹമാണ്വരുത്തുന്നതെന്നുംവിശ്വാസത്തിന്റെകൈമാറ്റംഇതുമൂലംഎത്രയധികംദുഷ്കരമായിത്തീർക്കുന്നവെന്നുംയുവജനങ്ങൾതന്നെപരാമർശിച്ചിട്ടുണ്ട്: "സംസാരസ്വാതന്ത്ര്യമില്ലാത്ത, യുവജനങ്ങൾക്ക്സഭാജീവിതത്തിൽപങ്കുപറ്റാനാവാത്തയിടങ്ങളിൽപ്രത്യേകിച്ചും. ❍



# ദൈവത്തെ സ്വന്തമാക്കി; പിന്നെ മനുഷ്യരെയും ...

**ഫാ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ** ഒ.ഐ.സി.
സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം



ബഥനി സന്ന്യാസ സമൂഹസ്ഥാപകൻ പുണ്യപിതാവായ മാർ ഈവാനിയോസ് പിതാവിനെ ധന്യരുടെ പദവിയിലേക്കുയർത്തിയെന്നുള്ള സന്തോഷ വാർത്ത ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2024 മാർച്ച് 14-ാം തീയതി പുറപ്പെടുവിച്ച ഡിക്രിയിലൂടെ നമ്മെ അറിയിച്ചു. കത്തോലിക്കാസഭയുടെ കാനോനിക നടപടിക്രമങ്ങളുടെ (Canonization Process) ഭാഗമായിട്ടുള്ള ആദ്യഘട്ടമായ 'ദൈവദാസൻ' എന്ന പദവിയിൽ നിന്നും, തുടർ ഘട്ടമായ 'ധന്യരുടെ' പദവിയിലേക്കാണ് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനെ സാർവ്വത്രിക സഭയിൽ പരിശുദ്ധ പിതാവ് ഉയർത്തിയിരിക്കുന്നത്. ദൈവദാസൻ എന്ന പദവിയിൽ നിന്നും, ധന്യരുടെ പദവിയിലേക്കുള്ള ഈ ഗണത്തിലേക്കുള്ള സഭയുടെ ഔദ്യോഗിക പ്രഖ്യാപനത്തിന് ദൂരം കുറയുന്നു എന്നുള്ള സൂചനയാണ് ഇതിൽനിന്നും നമുക്ക് ലഭിക്കുന്നത്.

ബഥനിയെ സംബന്ധിച്ച് ഇത് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങളാണ്. മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനി സന്ന്യാസി-സന്ന്യാസിനീ സമൂഹങ്ങളെക്കുറിച്ചുള്ള പരാമർശമാണ് മാർ ഈവാനിയോസ് പിതാവിനെ ധന്യനായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ.ഫ്രാൻസിസ് മാർപാപ്പായുടെ ഡിക്രിയുടെ ആദ്യഭാഗത്ത് നമ്മൾ കാണുന്നത്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ വിളിയും, അതിനെ തുടർന്ന് ബഥനി സന്ന്യാസ സമൂഹങ്ങൾ സ്ഥാപിക്കുവാൻ ദൈവം വന്ദ്യ പിതാവിന് നല്കുന്ന നിയോഗവും. സന്ന്യാസമാകുന്ന മൂശയിൽ സ്ഫുടം ചെയ്ത് ശുദ്ധി ചെയ്തെടുക്കപ്പെട്ട ജീവിതമാണ് മാർ ഈവാനിയോസ് പിതാവിന്റേത്. "ദൈവസേവനത്തേക്കാൾ അത്യുത്തമം, ദൈവ സമ്പാദനമാണ്" എന്നുള്ള മാർ ഈവാനിയോസ്

പിതാവിലൂടെയുള്ള സ്വർഗ്ഗത്തിന്റെ വെളിപ്പെടുത്തൽ, സന്ന്യാസത്തിന് നല്കപ്പെട്ടിട്ടുള്ള എക്കാലത്തെയും ഏറ്റം മനോഹരമായ വിശേഷണവും നിർവ്വചനവുമാണ്.

സ്വന്തം ഇഷ്ടങ്ങൾ മാറ്റിവച്ചുകൊണ്ട് ദൈവത്തിന്റെ സ്വപ്നത്തെ തങ്ങളുടെ ഹൃദയത്തിൽ ഏറ്റുവാങ്ങി സുകൃതജീവിതത്തിലൂടെയോ (Heronic Practice) രക്തസാക്ഷിത്വത്തിലൂടെയോ (Martyrdom) തങ്ങളുടെ ജീവിതത്തെ ദൈവസന്നിധിയിൽ ആത്മാർപ്പണം ചെയ്യുവരാണ് വിശുദ്ധർ. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് തങ്ങളുടെ പാദങ്ങളെ എടുത്തു വച്ചവർ. ഇപ്രകാരമുള്ളവരെ സഭ എക്കാലവും, ആദരിക്കുകയും, അവരുടെ വിശുദ്ധാമായ ജീവിതത്തെ അൾത്താരയോടു ചേർത്തുവച്ച് വണങ്ങുകയും ചെയ്യുന്നു. കാരണം അവർ സ്വന്തം ഇഷ്ടമനുസരിച്ചല്ല, മറിച്ച്, ദൈവത്തിന്റെ പദ്ധതിയോട് ചേർന്നു നടന്നവരാണ്. തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവഹിതം അനുവർത്തിക്കുകയും, വിശുദ്ധിയുടെ പരിമളം പരത്തിക്കൊണ്ട്, ദൈവജനത്തിന്റെ ആദരം പിടിച്ചു പറ്റിയവരാണ് വിശുദ്ധർ. ദൈവജനത്തിന് അവരോടുള്ള ആദരവും ഭക്തിയും, ദൈവത്തോടുള്ള ഈ വ്യക്തികളുടെ ആഴമായ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അടയാളങ്ങളാണ്. അതുകൊണ്ടാണ് കത്തോലിക്കാസഭ വിശുദ്ധരെ ആദരിക്കുന്നതും, ബഹുമാനിക്കുന്നതും.

ദൈവദാസൻ (Servant of God) എന്ന പദവിയിൽനിന്നും, ധന്യരുടെ പദവിയിലേക്ക് (Venerable) മാർ ഈവാനിയോസ് പിതാവ് എടുത്തുയർത്തപ്പെടുമ്പോൾ, നമ്മുടെ പുണ്യപിതാവിന്റെ ജീവിതവിശുദ്ധി സാർവ്വത്രിക സഭയിൽ കൂടുതൽ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. മാർ ഈവാനിയോസ് പിതാവിന്റെ സുകൃത ജീവിതത്തിനുള്ള (Heronic Practice) അംഗീകാരമായിട്ടാണ് നാമകരണ നടപടി ക്രമങ്ങളിലും ഈ കാര്യം പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കുന്നത്. പരിശുദ്ധാത്മ പ്രേരണയാൽ വന്ദ്യപിതാവ് എടുത്തിട്ടുള്ള തീരുമാനങ്ങൾ ഒന്നും തന്നെ തെറ്റായിരുന്നില്ലെന്ന് പതിറ്റാണ്ടുകൾ പിന്നീടുമ്പോഴും കൂടുതൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ ആക്ഷേപങ്ങളും പരിഹാസങ്ങളുമൊക്കെ തന്റെ ജീവിതത്തോടുചേർന്ന് കാരിരുമ്പാണികൾ പോലെ ആഞ്ഞുതറച്ചപ്പോഴും, ബഥനി ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽനിന്നും ആവാഹിച്ചെടുത്ത സന്ന്യാസ ജീവിതത്തിന്റെ പക്വമായ ആത്മീയതയുടെ നിറവിൽ എല്ലാറ്റിനെയും ശാന്തത കൈവെടിയാതെ സമചിത്തതയോടെ നേരിടുന്നതിന് പിതാവിനു സാധിച്ചു. ശക്തമായ പ്രതിഷേധങ്ങളും, പ്രതിബന്ധങ്ങളും തനിക്കു ചുറ്റും വട്ടമിട്ട് പറന്നപ്പോഴും അവയൊക്കെ സധൈര്യം നേരിടുന്നതിനും, പുനരൈക്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതിനും, അങ്ങനെ സാർവ്വത്രിക കത്തോലിക്കാസഭയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരുന്നതിനും വന്ദ്യപിതാവിന് സാധിച്ചത് ദൈവാത്മാവിന്റെ നടത്തിപ്പിലൂടെയാണ്. ആ പുണ്യപിതാവിന്റെ വിശുദ്ധിയുടെ ആഴം തിരിച്ചറിയുവാൻ ലഭിക്കുന്ന അവസരമാണ് വന്ദ്യപിതാവിന്റെ ധന്യപദവിയിലേക്കുള്ള പ്രഖ്യാപനം. മാർ ഈവാനിയോസ് പിതാവ് സാർവ്വത്രിക സഭയിൽ എടുത്തുയർത്തപ്പെടുമ്പോൾ പിതാവിനോടു ചേർന്ന് ബഥനിയും മലങ്കരസഭയും എടുത്തുയർത്തപ്പെടുന്ന അനുഗൃഹീത നിമിഷങ്ങളാണിത്. അതോടൊപ്പം നമുക്ക് നൽകപ്പെടുന്ന വെല്ലുവിളി, നമ്മുടെ പുണ്യപിതാവിന്റെ ജീവിതശുദ്ധിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, പിതാവ് സ്വപ്നം കണ്ട ബഥനിയെയും മലങ്കരസഭയെയും രൂപപ്പെടുത്തുവാനും, കർമ്മഭൂമിയെ കൂടുതൽ വിശാലമാക്കുവാനും വേണ്ടിയുള്ളതാണ്. ഈ പ്രയാണത്തിൽ 'ധന്യൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്ന് നമുക്ക് അപേക്ഷിക്കാം. ❍



# ഐക്യത്തിന്റെ പ്രവാചകൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ഇനി 'ധന്യൻ'

**ഫാ. ഡോ. മാത്യൂ ജേക്കബ് തിരുവാലിൽ**
ഒ.ഐ.സി
പ്രൊവിൻഷ്യൽ സുപ്പീരിയർ
ബഥനി നവജീവൻ പ്രൊവിൻസ്



1953 ജൂലൈ 15-ന് കാലം ചെയ്ത സീറോ മലങ്കര കത്തോലിക്കാ സഭയുടെ പ്രിയപ്പെട്ട ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ, പരിശുദ്ധ സിംഹാസനം 'ധന്യൻ' എന്ന പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത്, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ കബറടക്കപ്പെട്ട് അന്തിയുറങ്ങുന്ന മെത്രാപ്പോലീത്തയെ,
2007 ജൂലൈ 14-നാണ് വന്ദ്യ പിതാവിനെ 'ദൈവദാസൻ' എന്ന പദവിയിലേക്ക് തിരുസഭ ഉയർത്തിയത്. 2024 മാർച്ച് മാസം 14-ആം തീയതി വ്യാഴാഴ്ചയാണ്, ദീർഘനാളത്തെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും പരിസമാപ്തിയിൽ, സ്വർഗ്ഗത്തിന്റെ വലിയ കരുണയുടെ അടയാളമായി, തിരുസഭ അംഗീകരിച്ച്, ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ 'ധന്യൻ' എന്ന പദവിയിലേക്ക് ഉയർത്തിയത്.
ദൈവത്തിന്റെ അനന്തമായ കരുണയുടെയും നടത്തിപ്പിന്റെയും പ്രാർത്ഥനാപൂർവ്വ

മായ കാത്തിരിപ്പിന്റെയും ഫലമാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിലൂടെ നടന്ന ഔദ്യോഗീകമായ ഈ പ്രഖ്യാപനം. മലങ്കര സുറിയാനി കത്തോലിക്ക സഭയിലും മലങ്കര സഭയിൽ പൊതുവായും, കത്തോലിക്കാ തിരുസഭയിൽ 'ധന്യൻ' പദവിയിൽ എത്തുന്ന ആദ്യത്തെ വ്യക്തിയാണ് മാർ ഈവാനിയോസ് തിരുമേനി. വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള വത്തിക്കാനിലെ കാര്യാലയത്തിന്റെ പ്രീഫെക്ട്, കർദിനാൾ മർച്ചേലോ സെമേറാനോ പിതാവാണ് ഇതുസംബന്ധിച്ച റിപ്പോർട്ട് തിരുസഭാ തലവൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയ്ക്ക് നൽകിയത്.

മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ളീമീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിലും മലങ്കര സഭയിലെ മറ്റു വന്ദ്യപിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും അനേക വൈദികരുടെയും സന്ന്യാസി-സന്ന്യാസിനികളുടെയും വിശ്വാസി സമൂഹത്തിന്റെയും പ്രാർത്ഥനാപൂർവമായ സാന്നിധ്യത്തിലും, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ 2024 മാർച്ച് മാസം 15-ആം തീയതി നന്ദിയുടെ പരിശുദ്ധ ബലി അർപ്പിച്ചു.

സീറോ മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാപ്പോലീത്തയും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയും ബഥനി ആശ്രമത്തിന്റെയും ബഥനി മഠത്തിന്റെയും സ്ഥാപകനുമായ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, 1882 സെപ്റ്റംബർ മാസം 21-ആം തീയതി, മാവേലിക്കര പണിക്കരുവീട്ടിൽ തോമ്മാ പണിക്കരുടെയും അന്നമ്മയുടെയും മകനായി ഭൂജാതനായി. തിരുസഭയിൽ പ്രത്യേകം വണങ്ങപ്പെടുന്ന വിശുദ്ധരുടെ നിരയിലേക്ക് ഒരു പടികൂടി അടുത്തുവരുന്ന ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, സഭകളുടെ ഐക്യത്തിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും അതിനായി കഠിനമായി പരിശ്രമിക്കുകയും ചെയ്തതിനാൽ, ഭാരത ന്യൂമാൻ എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്.

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ ജീവിത മാതൃകയും ആത്മീയ ദർശനങ്ങളും സന്ന്യാസ ചൈതന്യവും നല്ല ഇടയനടുത്ത നേതൃത്വപാടവവും, അനേക കാരണങ്ങളാൽ മുറിവേൽക്കപ്പെട്ടുകൊണ്ട് അകൽച്ചയിൽ കഴിയുന്ന സഭാസമൂഹങ്ങൾക്ക് പ്രതീക്ഷ നൽകുന്നു.
'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (വി. യോഹന്നാൻ 17: 21). അനുഗൃഹീതമായ ഈ പ്രഖ്യാപനം, ഭാരത സഭയ്ക്ക് ആകമാനം സന്തോഷവും പ്രതീക്ഷയും നൽകുന്നു. 'ഐക്യപ്രവാചകന്റെ' വിശുദ്ധ ജീവിതം മാതൃകയാക്കാൻ മലങ്കര കത്തോലിക്കാ സഭയിലൂടെ സ്വർഗം കനിഞ്ഞു നൽകുന്ന ഈ വലിയ അടയാളം, സഭകളുടെ ഐക്യത്തിനായുള്ള സ്വർഗ്ഗത്തിന്റെ വലിയ ആഹ്വാനമാണ്.

ആത്മീയതയോടൊപ്പം വളർന്നു വരേണ്ട വിദ്യാഭ്യാസവും ജീവന്റെ സംസ്ക്കാരവും സംസ്ക്കാര സമ്പന്നമായ ഒരു നാടിന്റെയും ജനതയുടെയും ജീവിത വിജയമാണെന്ന് തന്റെ സഭാ സാമൂഹ്യ ഇടപെടലുകളിലൂടെ നമുക്കു കാട്ടിത്തന്ന സന്ന്യാസ ശ്രേഷ്ഠൻ, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ ലോകമെങ്ങുമുള്ള വിശുദ്ധ അൾത്താരകളിൽ വണങ്ങപ്പെടുന്ന വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തപ്പെടുന്ന ആ അനുഗൃഹീത നിമിഷത്തേക്ക് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. ❍





## ജോസഫ് വൈറ്റില അനുസ്മരണം

കൊച്ചി: പച്ചയായ മനുഷ്യരുടെ ജീവിതാനുഭവം അസാധാരണ ശൈലിയിൽ എഴുതി ഫലിപ്പിക്കാൻ കഴിവുണ്ടായിരുന്ന ഒരു കഥാകാരനായിരുന്നു ജോസഫ് വൈറ്റില എന്ന് മുതിർന്ന പത്രപ്രവർത്തകനും സാഹിത്യകാരനുമായ ജോസ് പനച്ചിപ്പുറം അഭിപ്രായപ്പെട്ടു. ധുരം സായന്തനം എന്ന മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ എറണാളം പിഒസിയിൽ സംഘടിപ്പിച്ച ജോസഫ് വൈറ്റില അനുസ്മരണ സമ്മേളനത്തിൽ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ജോസ് പനച്ചിപ്പുറം. ജോഷി ജോർജ് ജോർജ് ജോസഫ് കെ, കലൂർ ജോസഫ്, സംവിധായകൻ കണ്ണൻ താമരക്കുളം, ഫാ. എബ്രഹാം ഇരിമ്പിനിക്കൽ, ഫാ. തോമസ് തറയിൽ, ജോസഫ് ജൂഡ് എന്നിവർ സംസാരിച്ചു. അരിവാൾ എന്ന സിനിമയുടെ സംവിധായകൻ അനീഷ് പോളിനെ ചടങ്ങിൽ ആദരിച്ചു.

# കെ സി ബി സി മീഡിയ ഫോട്ടോ ആൽബം








പി.ഓ.സി പാലാരിവട്ടം

മധുരം സായന്തനം

ജോസഫ് വൈറ്റില അനുസ്മരണം

15 മാർച്ച് 4:30 പിഎം



---


















വാങ്മയം

ചർച്ച

വല്ലി (നോവൽ)

16 മാർച്ച് 2024

പി എം, പി ഓ സി പാലാരിവട്ടം



# പൈപ്പ് കണക്ഷനുണ്ട്, വെള്ളമില്ല ഇത് 'ജലജീവൻ സ്റ്റൈൽ' !

**ആന്റണി ചടയംമുറി**

**വാർത്ത**

കാലാവസ്ഥയിലുള്ള മാറ്റങ്ങളിൽ നിന്ന് ജനങ്ങളെ കഴിയുന്നത്ര സംരക്ഷിക്കാൻ ഭരണകൂടങ്ങൾക്ക് ബാധ്യതയുണ്ട്. കാലാവസ്ഥാ ദുരിതങ്ങളിൽ ചിലത് ഭരിക്കുന്നവരുടെ കെട്ടുകാര്യസ്ഥതകൊണ്ട് സംഭവിക്കുന്നു. മറ്റ് ചിലത് നിനച്ചിരിക്കാതെ ഓടിയെത്തുന്ന കാലാവസ്ഥാ ദുരിതങ്ങളാണ്.

ഉദാഹരണം പറയാം: വേനൽക്കാലം വന്നാൽ ജലക്ഷാമമുണ്ടാകും. 44 നദികൾ ഒഴുകുന്ന നാടാണെങ്കിലും കേരളത്തിൽ വരൾച്ച വേനൽക്കാലത്തിന്റെ സ്ഥിരം പ്രതിഭാസമാണ്. കുടിവെള്ളം കിട്ടാതാകുന്ന ഈ സ്ഥിതി മുൻകൂട്ടി കണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഭരണകൂടങ്ങൾ ശ്രദ്ധിക്കാറില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈകോർത്ത് ജലജീവൻ പദ്ധതി എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ 44715 കോടിയുടെ ഈ പദ്ധതിയുടെ നിർമ്മാണം കേരളത്തിൽ പാളിപ്പോയിരിക്കുകയാണ്. 54.5 ലക്ഷം വീടുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ 35% മാത്രമേ ഇതുവരെ നടപ്പായിട്ടുള്ളൂ. 6000 കോടി മുടക്കിയിട്ടും 19.09 ലക്ഷം വീടുകൾക്കാണ് പൈപ്പ് കണക്ഷൻ ലഭിച്ചത്. ഇതിൽ തന്നെ 5.65 ലക്ഷം വീടുകളിൽ പൈപ്പുണ്ട്, വെള്ളമില്ല എന്ന വൈരുദ്ധ്യവുമുണ്ട്. ജലസംഭരണികളോ പമ്പിങ് മെയിനുകളോ ജലശുദ്ധീകരണശാലകളോ നിർമ്മിക്കാതെ വീടുകൾ തോറും പൈപ്പ് കണക്ഷൻ നൽകിയതിനെപ്പറ്റി ഭരണകർത്താക്കളും ഉദ്യോഗസ്ഥരും മൗനം പാലിക്കുകയാണ്!

**ചിന്ത**

സുരക്ഷിതവും പാനയോഗ്യവുമായ ജലം ലഭിക്കുകയെന്നത് അടിസ്ഥാനപരവും സാർവത്രികവുമായ മനുഷ്യാവകാശമാണ്.

**(ഫ്രാൻസിസ് പാപ്പ – കർത്താവേ അങ്ങേയ്ക്ക് സ്തുതി – പേജ് 36)**


THE CALL
ഈ കാലഘട്ടത്തിലെ വെല്ലുവിളികൾ
ധീരതയോടെ നേരിട്ട്, ക്രിസ്തുവിനു ജീവിതംകൊണ്ട്
സാക്ഷ്യം നൽകാൻ നിങ്ങൾ ഒരുക്കമാണോ...
ഈശോ നിങ്ങളെ വിളിക്കുന്നു.
CMC VIMALA PROVINCE
Kovilvattom Road, Ernakulam
Vocation Promotor Sr. Prasanna CMC Mob: 73 06 93 87 73

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 29-02-2024

# ധന്യപദവിയിൽ




പ്രാർത്ഥനാശംസകളോടെ

BETHANY ASHRAM
Order of the Imitation of Christ
KOTTAYAM

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.